# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

''പ്രിവന്‍ഷന്‍ ഓഫ് അണ്‍ലോഫുള്‍ ആക്ടിവിറ്റീസ് ആക്ട്''

1867

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മാവോയിസ്റ്റ് സംഘടനകളുടെയോ മറ്റേതെങ്കിലും നിരോധിത സംഘടനകളുടെയോ പ്രവര്‍ത്തനം സംസ്ഥാനത്ത് നടക്കുന്നതായി റിപ്പോര്‍ട്ടുണ്ടോ; എങ്കില്‍ വിശദാംശം ലഭ്യമാക്കുമോ;

(ബി) കണ്ണൂര്‍, കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ കാടുകളില്‍ പോലീസ് പരിശോധന നടത്തിയിരുന്നോ; പരിശോധനയില്‍ എന്തെങ്കിലും കണ്ടെത്താന്‍ കഴിഞ്ഞിട്ടുണ്ടോ; എങ്കില്‍ വ്യക്തമാക്കുമോ;

(സി) കേന്ദ്ര ഇന്റലിജന്‍സിന്റെയോ, സംസ്ഥാന ഇന്റലിജന്‍സ് വിഭാഗത്തിന്റെയോ റിപ്പോര്‍ട്ടിന്റെ അടിസ്ഥാനത്തിലായിരുന്നോ ഈ പരിശോധന എന്ന് വ്യക്തമാക്കുമോ;

(ഡി) ''പ്രിവന്‍ഷന്‍ ഓഫ് അണ്‍ലോഫുള്‍ ആക്ടവിറ്റീസ് ആക്ട്'' എന്നൊരു ആക്ട് നിലവിലുണ്ടോ; എങ്കില്‍ വിശദാംശം ലഭ്യമാക്കുമോ;

(ഇ) ഈ നിയമമനുസരിച്ച് സംസ്ഥാനത്ത് ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>മാവോയിസ്റ്റ് സാന്നിദ്ധ്യം</u>

1868

## ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മാവോയിസ്റ്റ് സാന്നിദ്ധ്യമുണ്ടെന്ന വാർത്തകളെ സംബന്ധിച്ച് സർക്കാർ നടത്തിയ അന്വേഷണങ്ങളുടെ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) കേരളത്തിൽ എവിടെയെങ്കിലും മാവോയിസ്റ്റ് ആക്ഷൻ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

<u>മാവോയിസ്റ്റ് സാന്നിദ്ധ്യം</u>

1869 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ജില്ലകളിലാണ് മാവോയിസ്റ്റ് സാന്നിദ്ധ്യം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇത് എവിടെയെല്ലാമാണ് സ്ഥിരീകരിക്കപ്പെട്ടിട്ടുള്ളത് എന്നും ഇതിന്റെ വിശദാംശങ്ങളും വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>തീവ്രവാദ ഭീകര സംഘടനകളുടെ പ്രവർത്തനങ്ങൾ</u>

1870 ശ്രീ. വി. എസ്. സുനിൽ കുമാർ
ശ്രീമതി ഗീതാ ഗോപി
ശ്രീ. പി. തിലോത്തമൻ
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീവ്രവാദ ഭീകര സംഘടനകളുടെ പ്രവർത്തനങ്ങൾ നിരോധിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം സംഘടനകളുടെ പ്രവർത്തനങ്ങളാണ് നിരോധിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം ഭാഗങ്ങളിൽ മാവോയിസ്റ്റ് ഭീഷണിയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>ഇറ്റാലിയൻ നാവികർക്കെതിരെ നടപടി</u>

1871 ശ്രീ. മുല്ലക്കര രത്നാകരൻ
,, ചിറ്റയം ഗോപകുമാർ
,, പി. തിലോത്തമൻ
,, ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ രണ്ട് മത്സ്യത്തൊഴിലാളികളെ കൊല്ലം നീണ്ടകരയ്ക്കടുത്ത് കടലിൽ വെടിവച്ച് കൊന്ന കേസ്സിലെ പ്രതികളായ ഇറ്റാലിയൻ നാവികർ എത്ര ദിവസത്തെ ജാമ്യം നേടിയാണ് ഇറ്റലിയിലേയ്ക്ക് പോയതെന്ന് വ്യക്തമാക്കുമോ;

(ബി) ഇവർ ഇനി ഇൻഡ്യയിലേയ്ക്ക് മടങ്ങി വരികയില്ലെന്ന് വിദേശകാര്യ മന്ത്രാലയത്തെ അറിയിച്ചതായി വിവരം ലഭിച്ചിട്ടുണ്ടോ;

(സി) ഈ കേസ്സ് സംബന്ധിച്ച് എന്തു നടപടികളാണ് സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>കൊല്ലത്തെ രണ്ടു മത്സ്യത്തൊഴിലാളികളെ വെടിവെച്ചുകൊന്ന കേസ്</u>

1872 ശ്രീ. എം. എ. ബേബി
,, കെ. കെ. ജയചന്ദ്രൻ
,, പി. കെ. ഗുരുദാസൻ
,, എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലത്തെ രണ്ടു മത്സ്യത്തൊഴിലാളികളെ വെടിവെച്ചുകൊന്ന കേസ്സിലെ പ്രതികളായ ഇറ്റലിക്കാരെ ഇന്ത്യയിലേയ്ക്കു തിരിച്ചയയ്ക്കില്ലെന്ന ഇറ്റാലിയൻ സർക്കാരിന്റെ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊലക്കേസ് പ്രതികൾ ഇന്ത്യയിൽ നിന്നും പുറത്തുകടക്കാൻ ഇടയായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) ഇന്ത്യൻ നിയമത്തിനുകീഴിൽ വിചാരണ നേരിടുന്ന പ്രതികൾ വോട്ടുചെയ്യാൻ ഇറ്റലിയിലേയ്ക്കു പോകാൻ സുപ്രീം കോടതിയിൽ നൽകിയ ഹർജിയെ കേരളം എതിർക്കുകയുണ്ടായോ;

(ഡി) കേസ് കേൾക്കാൻ പ്രത്യേകകോടതി സ്ഥാപിക്കണമെന്ന ആവശ്യം നടപ്പാക്കാതെപോയത് എന്തുകൊണ്ടാണെന്ന് അന്വേഷിക്കുക യുണ്ടായോ;

(ഇ) കൊലയാളികൾക്കനുകൂലമായി എഫ്.ഐ.ആറിൽ പഴുതുകൾ സംഭവിച്ചതും, മരിച്ചവർ ഇന്ത്യക്കാരാണെന്ന് സുപ്രീം കോടതിക്ക് ഒരു ഘട്ടത്തിൽ ഓർമ്മിപ്പിക്കേണ്ടിവന്നതുമുൾപ്പെടെ ജാമ്യാപേക്ഷ എതിർക്കപ്പെടാതിരുന്നതുവരെയുള്ള വീഴ്ചകൾ സംബന്ധിച്ച് സർക്കാർ അന്വേഷിക്കുമോ?

## കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>വനിതാ എം. എൽ. എ മാർക്ക് നേരെയുള്ള മർദ്ദനം</u>

1873 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടുത്ത കാലത്ത് വനിതാ എം.എൽ.എ മാർക്ക് നേരെ നടന്ന പോലീസ് മർദ്ദനത്തിൽ കുറ്റവാളികളായ ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ വകുപ്പുതല നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തിയ വസ്തുതകൾ എന്തെല്ലാം;

(സി) സംഭവത്തിൽ ഉത്തരവാദികളെന്ന് കണ്ടെത്തിയ ഉദ്യോഗസ്ഥരെ തിരിച്ചെടുത്തിട്ടുണ്ടോ; എങ്കിൽ ഏത് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ; റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>വാഹന പരിശോധനയ്ക്ക് മാർഗ്ഗനിർദ്ദേശങ്ങൾ</u>

1874

ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുനിരത്തുകളിൽ പോലീസ് ഉദ്യോഗസ്ഥർ വാഹന പരിശോധന നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് എന്തെങ്കിലും മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ട്രാഫിക് നിയമം ലംഘിച്ചവരിൽ നിന്നും എത്ര രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ട്രാഫിക് നിയമം ലംഘിക്കുന്നവരെ കണ്ടെത്തുന്നതിനും പിഴ ഈടാക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യ പ്രാവർത്തികമാക്കുവാൻ ശ്രദ്ധിക്കുമോ; അതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>വാഹനാപകടങ്ങളുടെ എണ്ണത്തിലെ വർദ്ധനവ്</u>

1875 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹനപരിശോധനയും ബോധവത്ക്കരണവും ശക്തമാക്കിയിട്ടും വാഹനാപകടങ്ങൾ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ വാഹനാപകടങ്ങളിൽ എത്രപേർ മരണപ്പെട്ടു; ജില്ലതിരിച്ചു വ്യക്തമാക്കുമോ;

(സി) ഹെൽമറ്റ് പരിശോധനയുമായി ബന്ധപ്പെട്ട് പോലീസിനെ ഭയന്നു വാഹനമോടിച്ച എത്രപേർ മരണപ്പെട്ടു;

(ഡി) വാഹനപരിശോധനയുമായി ബന്ധപ്പെട്ട് നിർത്താതെപോയ വാഹനങ്ങളെ പിന്തുടർന്ന പോലീസിന്റെ നടപടിയുമായി ബന്ധപ്പെട്ട് എത്രപേർ മരണപ്പെട്ടു;

(ഇ) ഈ സർക്കാർ വന്നതിനുശേഷം നാളിതുവരെ മദ്യപിച്ചു വാഹനമോടിച്ചതിന്റെ ഫലമായി എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; എത്ര തുക പിഴ ഇനത്തിൽ ഈടാക്കുകയും ചെയ്യുകയുണ്ടായി;

(എഫ്) ഈ സർക്കാർ വന്നതിനുശേഷം ഹെൽമറ്റ് ധരിക്കാത്തതിന്റെ പേരിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; പിഴയിനത്തിൽ എന്തു തുക ഈടാക്കി;

(ജി) വാഹനമോടിക്കുമ്പോൾ സീറ്റ് ബെൽറ്റ് ധരിക്കാത്തതിന്റെ പേരിൽ ഈ കാലയളവിനുള്ളിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; എത്ര തുക പിഴയിനത്തിൽ ഈടാക്കുകയും ചെയ്യുകയുണ്ടായി;

(എച്ച്) സുപ്രീം കോടതിയുടെയും ഹൈക്കോടതിയുടെയും ഉത്തരവിനെ മറികടന്ന് സൺഫിലിമുകൾ ഒട്ടിച്ചതിന്റെ ഭാഗമായി ഈ കാലയളവിനുള്ളിൽ എത്ര കേസ്സുകൾ

രജിസ്റ്റർ ചെയ്തു; എന്തു തുക പിഴയിനത്തിൽ ഈടാക്കി;

(ഐ) റോഡിന്റെ മറവിൽ നിന്നു വാഹനപരിശോധന നടത്തുന്നതും ട്രാഫിക് സിഗ്നലിന്റെ സമീപത്തു നിന്നു വാഹനപരിശോധന നടത്തുന്നതും കർശനമായി നിർത്തലാക്കി, നൂതന മാർഗ്ഗങ്ങൾ വാഹനപരിശോധനയിൽ സ്വീകരിച്ച്, ഇതുമൂലമുണ്ടാകുന്ന വാഹനാപകടങ്ങൾ കഴിയുന്നത്ര കുറയ്ക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>ഹെൽമറ്റ് പരിശോധന</u>

1876 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാത്രി കാലങ്ങളിൽ ഹെൽമറ്റ് പരിശോധന നടത്തി ടൂവീലർ യാത്രക്കാരെ ബുദ്ധിമുട്ടിക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മദ്യപിച്ച് വാഹനമോടിച്ച് ഗുരുതര പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുള്ളവർക്കെതിരെയുള്ള നടപടി കാര്യക്ഷമമായിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ, ഇക്കാര്യങ്ങളിൽ അടിയന്തര നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>വാഹന പരിശോധന</u>

1877 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രാഫിക് നിയമങ്ങൾ ലംഘിക്കുന്നവരേയും ഹെൽമറ്റ് ധരിക്കാതെ ഇരുചക്രവാഹനം ഓടിക്കുന്നവരേയും കണ്ടെത്തുന്നതിനും പിഴ ഈടാക്കുന്നതിനും സ്വീകരിക്കുന്ന നടപടിക്രമം വ്യക്തമാക്കുമോ ;

(ബി) പോലീസ് ഉദ്യോഗസ്ഥർ തെരുവുവിളക്കുകൾ ഇല്ലാത്ത സ്ഥലങ്ങളിലും വളവുകളിലും രാത്രി കാലങ്ങളിൽ പതിയിരുന്ന് ബൈക്ക് യാത്രക്കാരെ പിടികൂടുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ; ഇതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വ്യക്തമാക്കുമോ ;

(സി) വാഹന പരിശോധന നടത്തുമ്പോൾ വാഹനങ്ങളുടെ നീണ്ടനിര സൃഷ്ടിക്കുന്നത് ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>വാഹന പരിശോധന നടത്താൻ അധികാരപ്പെട്ട ഉദ്യോഗസ്ഥർ</u>

1878 ശ്രീ. എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹനങ്ങൾ തടഞ്ഞ് പരിശോധന നടത്താൻ ഏതൊക്കെ തലത്തിലെ ഉദ്യോഗസ്ഥർക്കാണ് അധികാരമുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) നിയമലംഘനം നടത്തുന്ന വാഹനങ്ങൾ തടഞ്ഞ് പിഴ ഈടാക്കാൻ ഏതൊക്കെ റാങ്കിലെ ഉദ്യോഗസ്ഥർക്കാണ് അനുമതി നൽകിയിട്ടുള്ളത്;

(സി) സബ് ഇൻസ്പെക്ടറുടെ റാങ്കിൽ താഴെയുള്ള സിവിൽ പോലീസ് ഉദ്യോഗസ്ഥർ വാഹനനിയമങ്ങൾ പാലിക്കുന്ന ഇരുചക്ര വാഹനങ്ങളെപ്പോലും തടഞ്ഞു ഭീഷണിപ്പെടുത്തുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കാസർഗോഡ് ജില്ലയിൽ ഇത്തരം സംഭവം ആവർത്തിക്കുന്നതിനെക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>ഹെൽമറ്റുകളുടെ ഗുണനിലവാരം</u>

1879 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാഹന പരിശോധനയിലൂടെ പിഴ ഈടാക്കുന്നതിന് ഓരോ സ്റ്റേഷനുകൾക്കും ക്വാട്ട നിശ്ചയിച്ച് സംസ്ഥാന പോലീസ് മേധാവിയോ മറ്റാരെങ്കിലുമോ ഉത്തരവോ നിർദ്ദേശമോ നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഹെൽമറ്റ് ധരിക്കാത്തതും സീറ്റ് ബെൽറ്റ് ധരിക്കാത്തതും മോട്ടോർ വാഹന നിയമത്തിലെ ഏറ്റവും വലിയ കുറ്റമായി കാണുന്നുണ്ടോ;

(സി) 2013 മാർച്ച് 10 വരെ ഹെൽമറ്റ് ധരിക്കാത്തതിനും സീറ്റ്ബൽറ്റ് ഇടാത്തതിനുമായി പോലീസ് എത്ര പേരിൽ നിന്നും പിഴ ഈടാക്കി എന്നും ഇതനുസരിച്ച് എത്ര രൂപയുടെ വരുമാനം ഉണ്ടായിയെന്നും വ്യക്തമാക്കുമോ;

(ഡി) ഇരുചക്ര വാഹനം ഓടിക്കുന്നയാൾ ധരിക്കേണ്ട ഹെൽമറ്റ് ഏതു വിധത്തിലുള്ളതാണെന്നും ഇതിന്റെ ക്വാളിറ്റി എന്തായിരിക്കണം എന്നും വ്യക്തമാക്കിക്കൊണ്ടുള്ള ഉത്തരവുണ്ടോ; എങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഇ) ഇത്തരം ഹെൽമറ്റുകളുടെ ലഭ്യത ഉറപ്പുവരുത്താനും ഗുണനിലവാരം പരിശോധിക്കാനും എന്തെങ്കിലും സംവിധാനം നിലവിലിലുണ്ടോ ; വ്യക്തമാക്കുമോ;

(എഫ്) ഇല്ലെങ്കിൽ ഈ സംവിധാനം നിലവിൽ വരുന്നതുവരെ ഈ പരിശോധന നിർത്തിവെക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>ബൈക്ക് റേസിംഗ്</u>

1880 ശ്രീ. എം ഉമ്മര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് വര്‍ദ്ധിച്ചു വരുന്ന വാഹന അപകടങ്ങള്‍ തടയുന്നതിന് സ്വീകരിച്ച നപടി വിശദമാക്കുമോ;

(ബി) ജനങ്ങളില്‍ പരിഭ്രാന്തി പരത്തിക്കൊണ്ട് പ്രധാന റോഡുകളില്‍ നടക്കുന്ന ബൈക്ക് റേസിംഗ് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ വിശദാംശം നല്‍കുമോ;

(സി) ഇത് ഫലപ്രദമായി തടയുന്നതിന് എന്തെല്ലാം മാര്‍ഗ്ഗങ്ങളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ; ഇതിനായി പോലീസ് പട്രോളിംഗ് ശക്തമാക്കുന്ന കാര്യം പരിഗണിക്കുമോ?

## കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

<u>പുനരന്വേഷണം നേരിടുന്ന കേസ്സുകൾ</u>

1881 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ
,, സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നിലവിൽ ഉണ്ടായിരുന്നതോ തീർപ്പു കൽപ്പിക്കപ്പെട്ടതോ ആയ എത്ര കേസ്സുകളിൽ പുതിയ വെളിപ്പെടുത്തലുകൾ ഉണ്ടായിട്ടുണ്ട്;

(ബി) അവ സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) അത്തരത്തിലുള്ള കേസ്സുകളിൽ എത്രയെണ്ണത്തിൽ പുനരന്വേഷണത്തിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഡി) അവ സംബന്ധിച്ച വിശദാംശം നൽകുമോ;

(ഇ) എത്രയെണ്ണത്തിന്മേൽ പുനരന്വേഷണ നടപടി സ്വീകരിക്കാനുണ്ട്;

(എഫ്) അവ സംബന്ധിച്ച വിശദാംശം നൽകുമോ;

(ജി) പുനരന്വേഷണത്തിനുള്ള നടപടികൾ സ്വീകരിക്കുന്നത് എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>കമ്മ്യൂണിറ്റി പോലീസിംഗ് സംവിധാനം</u>

1882 ശ്രീ. റ്റി. എൻ. പ്രതാപൻ
,, പി. സി. വിഷ്ണുനാഥ്
,, വി. പി. സജീന്ദ്രൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കമ്മ്യൂണിറ്റി പോലീസിംഗ് സംവിധാനത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് ഇതിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഈ സംവിധാനം കൂടുതൽ പ്രോത്സാഹിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും എന്തെല്ലാം നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>സീനിയര്‍ സിറ്റിസണ്‍ ബ്യൂറോ</u>

1883 ശ്രീ. ഹൈബി ഈഡന്‍
,, വി. റ്റി. ബല്‍റാം
,, ആര്‍. സെല്‍വരാജ്
,, എ. പി. അബ്ദുളളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് സീനിയര്‍ സിറ്റിസണ്‍ ബ്യൂറോ പ്രാവര്‍ത്തികമാക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ; എങ്കില്‍, വിശദമാക്കുമോ;

(ബി) മുതിര്‍ന്ന പൗരന്മാരെ സഹായിക്കുന്നതിന് എന്തെല്ലാം കര്‍മ്മപരിപാടികളാണ് ബ്യൂറോയില്‍ ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) എവിടെയൊക്കെയാണ് ബ്യൂറോകള്‍ പ്രവര്‍ത്തിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങള്‍ എന്തെല്ലാം?

# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

<u>ജനങ്ങൾക്ക് യഥാസമയം സേവനം ലഭ്യമാക്കുന്നതിനായി പോലീസ് സംവിധാനത്തിൽ മാറ്റം</u>

1884 ഡോ.കെ.ടി.ജലീൽ
ശ്രീ. രാജു എബ്രഹാം
,, സാജു പോൾ
,, ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനങ്ങൾക്ക് പോലീസിൽ നിന്നും ലഭിക്കേണ്ട സേവനങ്ങൾ യഥാസമയം ലഭിക്കുന്നില്ലെന്ന കാര്യം അറിയാമോ; ഇത് വേഗത്തിലാക്കാനുള്ള നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ;

(ബി) പോലീസുകാർ ബാഹ്യശക്തികളുടെ തെറ്റായ ഇടപെടലുകൾക്ക് വിധേയരായി പ്രവർത്തിച്ചുവരുന്നത് നിർത്തലാക്കാമോ;

(സി) നിശ്ചിത സമയത്തിനകം സേവനം ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തിയതിന്റെ പേരിൽ എത്ര പോലീസ് ഉദ്യോഗസ്ഥന്മാരുടെ പേരിൽ ഈ സർക്കാർ ശിക്ഷാ നടപടി സ്വീകരിക്കുകയുണ്ടായി;

(ഡി) സേവനം വേഗത്തിൽ നൽകാനായി നിലവിലുള്ള പോലീസ് സംവിധാനത്തിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>രാഷ്ട്രീയ കൊലപാതകങ്ങൾ</u>

1885 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) കൊല ചെയ്യപ്പെട്ട ഓരോ ആളുടെ പേരും അവരുടെ രാഷ്ട്രീയ കക്ഷി ബന്ധവും വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>രാഷ്ട്രീയ കൊലപാതകങ്ങൾക്കെതിരെ നടപടി</u>

1886

ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന രാഷ്ട്രീയ കൊലപാതകങ്ങളിൽ യഥാർത്ഥ പ്രതികളെ കണ്ടെത്തുന്നതിനും വിചാരണ നടപടികൾ പൂർത്തീകരിക്കുന്നതിനും പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) പ്രമാദമായ പല കേസുകളിലും സാക്ഷികൾ കൂറുമാറുകയും കേസ്സുകളുടെ ഗതി മാറിവരുന്നതുമായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കാനും യഥാർത്ഥ പ്രതികളെ കണ്ടെത്തി എത്രയും വേഗം കേസ്സുകൾ തീർപ്പാക്കുവാനും ശിക്ഷ വിധിയ്ക്കുവാനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>ടി. പി. ചന്ദ്രശേഖരൻ വധക്കേസ്സ്</u>

1887 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര കൊലപാതകങ്ങൾ നടന്നു;

(ബി) അന്വേഷണത്തിൽ പ്രത്യേക താൽപര്യം ചന്ദ്രശേഖരൻ വധക്കേസിൽ ഉണ്ടായിട്ടുള്ളതായി അറിയാമോ;

(സി) സംസ്ഥാനത്ത് കൊലചെയ്യപ്പെട്ട എത്ര കുടുംബങ്ങളുടെ വീടുകളിൽ മുഖ്യമന്ത്രി, കേന്ദ്ര-സംസ്ഥാന ആഭ്യന്തര മന്ത്രിമാർ, മറ്റ് മന്ത്രിമാർ എന്നിവർ വിവിധ ഘട്ടങ്ങളിൽ സന്ദർശനം നടത്തുകയുണ്ടായി;

(ഡി) ചന്ദ്രശേഖരൻ കൊലചെയ്യപ്പെട്ടതിനുശേഷം മുഖ്യമന്ത്രിയും കേന്ദ്രസംസ്ഥാന ആഭ്യന്തര മന്ത്രിമാരും സംസ്ഥാനത്തെ മറ്റ് മന്ത്രിമാരും എത്ര തവണ ചന്ദ്രശേഖരന്റെ വീട് സന്ദർശിക്കുകയുണ്ടായി; വിശദമാക്കാമോ;

(ഇ) കൊലചെയ്യപ്പെട്ട ചന്ദ്രശേഖരന്റെ പോസ്റ്റ്മോർട്ടം നടക്കുന്ന ദിവസം ആഭ്യന്തരമന്ത്രി കോഴിക്കോട് മെഡിക്കൽ കോളേജ് സന്ദർശിക്കുകയുണ്ടായോ;

(എഫ്) അന്നേദിവസം ആഭ്യന്തര മന്ത്രിയുടെ മുൻകൂട്ടി നിശ്ചയിക്കപ്പെട്ട പരിപാടികൾ എന്തെല്ലാമായിരുന്നു.; കോഴിക്കോട് ജില്ലയിൽ അന്നേദിവസം മുൻകൂട്ടി നിശ്ചയിച്ച എന്തെങ്കിലും പരിപാടി ഉണ്ടായിരുന്നുവോ; വിശദാംശം നൽകുമോ;

(ജി) കൊലപാതകം നടന്നതിനുശേഷം മുഖ്യമന്ത്രി ചന്ദ്രശേഖരന്റെ വീട്ടിലെത്തിയത് ഏത് തീയതിയിലായിരുന്നു; അന്നത്തെ

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

ദിവസം മുഖ്യമന്ത്രിയുടെ മുൻകൂട്ടി നിശ്ചയിക്കപ്പെട്ട പരിപാടി എവിടെയായിരുന്നു;

(എച്ച്) ചന്ദ്രശേഖരൻ കൊലചെയ്യപ്പെട്ടതിനുശേഷം സംഭവവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി, ആഭ്യന്തരമന്ത്രി, കേന്ദ്ര ആഭ്യന്തരമന്ത്രി എന്നിവർ നടത്തിയ പത്ര സമ്മേളനങ്ങളിൽ സംഭവം സംബന്ധിച്ച് നടത്തിയ പരാമർശങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>ടി. പി. ചന്ദ്രശേഖരൻ വധക്കേസ് അന്വേഷണം</u>

1888 ശ്രീ.എ. പ്രദീപ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടി. പി. ചന്ദ്രശേഖരൻ വധക്കേസിൽ പോലീസ് അന്വേഷണ സംഘം രാഷ്ട്രീയ സമ്മർദ്ദങ്ങൾക്ക് വഴങ്ങിയതായുള്ള ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ടോ;

(ബി) അന്വേഷണ സംഘത്തിൽപ്പെട്ടവർ സാക്ഷികൾ എന്ന നിലയിൽ ചിലരെ കസ്റ്റഡിയിൽ എടുത്ത് തടങ്കലിൽ വച്ച് ഭീഷണിപ്പെടുത്തി കള്ളമൊഴികൾ പഠിപ്പിച്ച് കോടതികളിൽ ഹാജരാക്കുകയായിരുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അന്വേഷണസംഘത്തിലുള്ളവർ ആരൊക്കെയായിരുന്നുവെന്ന് വെളിപ്പെടുത്തുമോ; അന്വേഷണത്തിൽ ഭരണ സംവിധാനം ദുരുപയോഗപ്പെടുത്തിയതായുള്ള പരാതികൾ പരിശോധിക്കുമോ?

# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

<u>വീടുകളും വ്യാപാര സ്ഥാപനങ്ങളും കൊള്ളയടിക്കപ്പെട്ട സംഭവങ്ങൾ</u>

1889 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര വീടുകളും വ്യാപാരസ്ഥാപനങ്ങളും കൊള്ളയടിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇത് ഏതെല്ലാം ജില്ലകളിലാണെന്നും ഏതൊക്കെ തീയ്യതികളിലാണെന്നും പ്രത്യേകം വിശദമാക്കാമോ ;

(സി) സമീപകാലത്തായി മോഷണം കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

കുറ്റകൃത്യങ്ങളുടെ വർദ്ധനവ്

1890 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൊലപാതകം, കൂട്ടക്കവർച്ച, മാല പൊട്ടിക്കൽ, ആരാധനാലയങ്ങളിലെ കവർച്ച, മദ്യം, മയക്കുമരുന്ന് കേസ്സുകൾ എന്നിവ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ടോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ കൊല പാതക കേസ്സുകൾ, കൂട്ടക്കവർച്ച കേസ്സുകൾ, മാലപൊട്ടിക്കൽ കേസ്സുകൾ, ആരാധനാലയങ്ങളിലെ കവർച്ച കേസ്സുകൾ, മദ്യം മയക്കുമരുന്ന് കേസ്സുകൾ എന്നിവ എത്രവീതം രജിസ്റ്റർ ചെയ്യുകയുണ്ടായിയെന്ന് തരം തിരിച്ച് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

<u>സ്ത്രീപീഡനകേസ്സുകൾ</u>

1891 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീപീഡനകേസ്സുകളിൽ സംസ്ഥാനം സർവ്വകാല റെക്കോർഡിലേക്ക് പോകുന്നതായി കരുതുന്നുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര സ്ത്രീപീഡനകേസ്സുകൾ ഉണ്ടായി; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) എത്ര സ്ത്രീകൾ ബലാത്സംഗത്തിന് ഇരയായി; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഈ കാലയളവിനുള്ളിൽ എത്ര പേർ മാനഭംഗത്തിന് ഇരയായി മരണപ്പെട്ടു; ഇതിൽ എത്ര പേർ കുട്ടികൾ; വ്യക്തമാക്കുമോ;

(ഇ) സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ എത്ര സ്ത്രീകൾ കൊല ചെയ്യപ്പെട്ടു; എത്ര സ്ത്രീകളെ തട്ടിക്കൊണ്ടുപോയി; എത്ര സ്ത്രീകൾ ആത്മഹത്യ ചെയ്തു; ആത്മഹത്യ ചെയ്തവരിൽ എത്ര കുട്ടികൾ ഉണ്ടായിരുന്നു; വിശദമാക്കുമോ;

(എഫ്) പത്ത് വയസ്സിന് താഴെയുള്ള കുട്ടികളെ പീഡിപ്പിച്ച എത്ര കേസ്സുകൾ ഈ സർക്കാർ വന്നതിനുശേഷം രജിസ്റ്റർ ചെയ്തു; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

<u>സ്ത്രീ പീഡനകേസ്സുകൈകാര്യം ചെയ്യുന്നതിന് അതിവേഗ കോടതികൾ</u>

1892 ശ്രീ.സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന സ്ത്രീ പീഡനകേസ്സുകൾ കാര്യക്ഷമമായി നടത്തുന്നതിന് എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി അതിവേഗ കോടതികൾ എവിടെയെല്ലാമാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പീഡനത്തിനു വിധേയരായ സ്ത്രീകളെയും കുട്ടികളെയും പുന:രധിവസിപ്പിക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>സ്ത്രീ പീഡന കേസുകൾ</u>

1893 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് സ്ത്രീ പീഡനങ്ങൾ വർദ്ധിച്ചുവന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യം കൂടുതൽ നടക്കുന്നത് ഏത് ജില്ലയിലാണ് എന്നത് വ്യക്തമാക്കാമോ;

(സി) ഭരണസിരാകേന്ദ്രമായ തലസ്ഥാന നഗരിയിൽ എത്ര സ്ത്രീ പീഡന കേസുകൾ നടന്നു എന്നത് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

<u>പോലീസ് സേനയിലെ വനിതാ പ്രാതിനിധ്യം</u>

1894 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കെതിരെയുള്ള ആക്രമണങ്ങൾ വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ വനിതകളെ കൂടുതലായി പോലീസ് സേനയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് നിലവിൽ ഓരോ പോലീസ് സ്റ്റേഷനിലും എത്ര വനിതാ പോലീസുകാരെ വീതമാണ് നിയമിച്ചിട്ടുള്ളത്; ഇതിന് സ്വീകരിച്ചുവരുന്ന മാനദണ്ഡം വിശദമാക്കാമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ</u>

1895 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ സംബന്ധിച്ച് എത്ര പരാതികളാണ് 2009, 2010, 2011, 2012 വർഷങ്ങളിൽ ലഭിച്ചിട്ടുള്ളത്;

(സി) തട്ടികൊണ്ടുപോകൽ, ലൈംഗിക പീഡനം, കൊലപാതകം, സ്ത്രീധനപീഡനം എന്നിവ സംബന്ധിച്ച പരാതികൾ എത്രയായിരുന്നു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) നാലു വർഷം ലഭിച്ച പരാതികളിൽ എത്ര എണ്ണം രജിസ്റ്റർ ചെയ്തു; എത്ര പേരെ അറസ്റ്റു ചെയ്തു; എത്ര കേസ്സുകൾ കോടതികളിലെത്തി; എത്ര പേരെ ശിക്ഷിച്ചു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>തെരുവിൽ അന്തിയുറങ്ങുന്നവരുടെ സംരക്ഷണം</u>

1896 ശ്രീ. എ. കെ. ബാലൻ
,, എം. ചന്ദ്രൻ
,, പി. ശ്രീരാമകൃഷ്ണൻ
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തല ചായ്ക്കാൻ സ്വന്തമായി ഒരിടമില്ലാതെ കുട്ടികളുമായി കടവരാന്തയിലും മറ്റും അന്തി ഉറങ്ങേണ്ടി വരുന്ന അമ്മമാരെ സാമൂഹ്യ ദ്രോഹികളിൽ നിന്നും സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) തിരൂരിൽ, ഗർഭിണിയായ അമ്മയ്ക്കൊപ്പം അന്തിയുറങ്ങുകയായിരുന്ന പെൺകുട്ടിയെ തട്ടിക്കൊണ്ടു പോയി ലൈംഗികമായി പീഡിപ്പിച്ചതു പോലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ പോലീസ് എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത സംഭവത്തിലെ കുറ്റവാളികളെയെല്ലാം അറസ്റ്റു ചെയ്യുകയുണ്ടായോ; പീഡനത്തിനു ശേഷം ഉപേക്ഷിക്കപ്പെട്ട പെൺകുട്ടിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) നാട്ടിലെങ്ങും ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടുന്ന നിലയിൽ പോലീസ് സംവിധാനം ദുർബലമാണെന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

ആദിവാസി സ്ത്രീകൾക്ക് എതിരായ പീഡനം

1897 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആദിവാസി വിഭാഗത്തിൽപ്പെട്ട സ്ത്രീകൾ പീഡനത്തിന് വിധേയമായ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ കുറ്റപത്രം സമർപ്പിച്ച കേസുകളെത്ര; വിചാരണ പൂർത്തിയായ കേസ്സുകളെത്ര; വ്യക്തമാക്കാമോ;

(സി) ഈ കേസുകളിൽ ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണം എത്ര; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>യുവതിയെ തട്ടിക്കൊണ്ടുപോയ സംഭവം</u>

1898

ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 മാർച്ച് 10 ന് കൊല്ലം, ശക്തികുളങ്ങര സെന്റ് ജോൺ ബ്രിട്ടോ പള്ളിക്കടുത്തുവെച്ച് പള്ളിയിലേക്ക് മുത്തശ്ശിക്കൊപ്പം പോയ യുവതിയെ ഒരു സംഘം ആൾക്കാർ തട്ടിക്കൊണ്ടുപോയ സംഭവത്തിൽ പോലീസ് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ;

(ബി) ഈ സംഭവത്തിൽ പരാതി നൽകി രണ്ട് ദിവസത്തിനു ശേഷവും പോലീസ് നടപടി സ്വീകരിച്ചില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ സംഭവത്തിൽ പോലീസ് അന്വേഷണം എന്നാണ് ആരംഭിച്ചത് ; യുവതിയെയും തട്ടിക്കൊണ്ടുപോയ സംഘത്തേയും കണ്ടെത്താൻ പോലീസിന് സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>ഗാർഹിക പീഡനത്തിനെതിരെ നടപടി</u>

1899 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവാഹിതനായ ഒരു പൗരൻ വിവാഹേതര ബന്ധത്തിലേർപ്പെടുന്നതും തുടർച്ചയായി ഭാര്യയെ ഗാർഹിക പീഡനത്തിനിരയാക്കുന്നതും എന്തെല്ലാം നിയമങ്ങളുടെയും നിയമവ്യവസ്ഥകളുടെയും ലംഘനമാണെന്ന് വെളിപ്പെടുത്താമോ;

(ബി) ഇത്തരം കുറ്റങ്ങൾ സംസ്ഥാനത്തെ ഒരു മന്ത്രിക്കെതിരെ സ്വന്തം ഭാര്യ ഉന്നയിക്കുകയും മുഖ്യമന്ത്രിയെ നേരിൽകണ്ട് പരാതിപ്പെടുകയും പത്ര ദൃശ്യ മാദ്ധ്യമങ്ങളും സംസ്ഥാനത്തെ മന്ത്രി പദവിയിലുള്ള ഗവ. ചീഫ് വിപ്പും ഒട്ടേറെ കാര്യങ്ങൾ വെളിപ്പെടുത്തിയതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മന്ത്രിയുടെ പരസ്ത്രീ ബന്ധവും ഭാര്യാപീഡനവും സംബന്ധിച്ച തെളിവുകളുടെ സി.ഡി ഉൾപ്പെടെ തന്റെ പക്കലുണ്ടെന്ന ഗവ. ചീഫ് വിപ്പിന്റെ പരസ്യപ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതിനെ തുടർന്ന് പോലീസ് സ്വീകരിച്ച നടപടി എന്താണെന്ന് വെളിപ്പെടുത്താമോ; കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

അന്യസംസ്ഥാനതൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ

1900 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ലക്ഷത്തോളം അന്യസംസ്ഥാനതൊഴിലാളികൾ ഉണ്ടെന്നാണ് ആഭ്യന്തരവകുപ്പ് കണക്കാക്കിയിട്ടുള്ളത്; ഇതിൽ എത്ര ലക്ഷം പേർ പോലീസ് സ്റ്റേഷനുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രതിവർഷം എത്ര അന്യസംസ്ഥാനതൊഴിലാളികൾ സംസ്ഥാനത്ത് വരുന്നുവെന്നാണ് ആഭ്യന്തരവകുപ്പിന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്; ഇത്തരം തൊഴിലാളികളുടെ പ്രതിവർഷസമ്പാദ്യം എത്രയെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) അന്യസംസ്ഥാന തൊഴിലാളികൾക്ക് പോലീസ് സ്റ്റേഷനുകളിൽ പേര് രജിസ്റ്റർ ചെയ്യാൻ എന്തൊക്കെ നടപടികളാണ് ഇപ്പോൾ സ്വീകരിച്ചു പോരുന്നത്; വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം കൊലപാതകം, പിടിച്ചുപറി, മോഷണം, തട്ടികൊണ്ടുപോകൽ എന്നീ ഇനങ്ങളിലായി എത്ര അന്യസംസ്ഥാനതൊഴിലാളികൾക്കെതിരെ കേസ്സെടുത്തു; ഈ കാലയളവിൽ എത്ര പേർ ജയിലിലായി; വിശദമാക്കുമോ;

(ഇ) ഇപ്രകാരമുള്ള അന്യസംസ്ഥാനതൊഴിലാളികളുടെ വർദ്ധിച്ച തോതിലുള്ള വരവ് സംസ്ഥാനത്തിന്റെ സാമൂഹിക അന്തരീക്ഷത്തിലും ക്രമസമാധാന മേഖലയിലും മാറ്റങ്ങൾ വരുത്താൻ സാധ്യതയുള്ളതായി കരുതുന്നുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>അന്യ സംസ്ഥാന തൊഴിലാളികളിലെ ക്രിമിനൽ സ്വഭാവം</u>

1901 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികളുമായി ബന്ധപ്പെട്ട് ക്രിമിനൽ കേസുകൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവരുമായി ബന്ധപ്പെട്ട എത്ര ക്രിമിനൽ കേസുകൾ ഇക്കഴിഞ്ഞ രണ്ടു വർഷങ്ങളായി രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ഈ കേസുകളിൽ എത്ര അന്യ സംസ്ഥാന തൊഴിലാളികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഡി) അന്യസംസ്ഥാന തൊഴിലാളികളുടെ വിവരങ്ങൾ സംബന്ധിച്ച് ആധികാരിക രേഖകൾ ഒന്നും തന്നെ ഇല്ലാത്തതിനാൽ കുറ്റകൃത്യങ്ങൾ ചെയ്ത ശേഷം രക്ഷപ്പെടുന്ന പ്രതികളെ കണ്ടെത്താൻ കഴിയാത്ത സാഹചര്യം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

<u>അന്യസംസ്ഥാനത്തൊഴിലാളികൾ അക്രമിക്കപ്പെട്ട കേസ്സുകൾ</u>

1902 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം അന്യസംസ്ഥാന ത്തൊഴിലാളികൾ അക്രമിക്കപ്പെട്ട എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കേസ്സുകളുമായി ബന്ധപ്പെട്ട് ഇനിയും പ്രതികളെ അറസ്റ്റ് ചെയ്യാനുണ്ടോ; എങ്കിൽ എത്ര?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

## വെടിമരുന്ന് അപകടങ്ങൾ

1903

ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വെടിമരുന്ന് അപകടങ്ങൾ വർദ്ധിക്കുന്നതും കഴിഞ്ഞ വർഷം ഉദ്ദേശം 75 ആളുകൾ വിവിധ വെടിക്കെട്ട് അപകടങ്ങളിൽ മരണപ്പെട്ടിട്ടുള്ളതും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) വെടിക്കെട്ടുമായി ബന്ധപ്പെട്ട സ്ഫോടക വസ്തുക്കളും അനുബന്ധ സാമഗ്രികളും നിർമ്മിക്കുന്നതിലും സൂക്ഷിക്കുന്നതിലും ഉപയോഗിക്കുന്നതിലും പാലിക്കേണ്ട ചട്ടങ്ങൾ ലംഘിക്കുന്നത് തടയുവാൻ എന്തൊക്കെ പരിശോധനാ സംവിധാനങ്ങളാണ് നിലവിലുള്ളത്;

(സി) വർഷങ്ങൾക്ക് മുമ്പ് നിരോധിക്കപ്പെട്ട പൊട്ടാസ്യം ക്ലോറേറ്റിന്റെ വൻതോതിലുള്ള ഉപയോഗം തുടരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) പടക്കനിർമ്മാണശാലകൾ പരിശോധിക്കാനും ലൈസൻസ് നൽകാനും ചുമതലപ്പെട്ടവർക്കുള്ള പരിജ്ഞാനക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വേണ്ടത്ര പരിശോധനാ സംവിധാനവും അറിവും ഈ മേഖലയിൽ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

പടക്കനിർമ്മാണശാലകളിലുണ്ടാകുന്ന അപകടങ്ങൾ

T 1904 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര പടക്കനിർമ്മാണശാലകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) സംസ്ഥാനത്തെ പടക്കനിർമ്മാണശാലകളിൽ ഇടയ്ക്കിടെ സ്ഫോടനമുണ്ടായി ആളപായമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ, ഇതു തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെയായി പടക്കനിർമ്മാണശാലകളിലുണ്ടായ അപകടം കാരണം എത്രപേർക്ക് ജീവാപായമുണ്ടായിട്ടുണ്ട്;

(ഇ) അപകടത്തിൽ മരണപ്പെട്ടവർക്ക് എന്തൊക്കെ ധനസഹായങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത്?

# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

<u>പടക്കശാലകൾക്ക് ലൈസൻസ്</u>

T 1905 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പടക്കശാലകൾക്ക് ലൈസൻസ് നൽകുന്നത് സംബന്ധിച്ച് നിലവിലുള്ള നിയമ വ്യവസ്ഥകൾ പ്രകാരമുള്ള നിബന്ധനകൾ വിശദമാക്കുമോ;

(ബി) ലൈസൻസ് നൽകിയിട്ടുള്ള പടക്കശാലകളിൽ നിയമാനുസൃതമായ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് നിലവിലുള്ളത് എന്നറിയിക്കാമോ;

(സി) സംസ്ഥാനത്ത് എത്ര പടക്കശാലകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) നിയമാനുസൃത വ്യവസ്ഥകൾ പാലിക്കാത്ത എത്ര പടക്കശാലകളുടെ ലൈസൻസ് ഈ സർക്കാർ റദ്ദാക്കിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

<u>പടക്കനിർമ്മാണശാലകളിലെ സ്ഫോടനം</u>

1906 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് പടക്കനിർമ്മാണശാലകളിൽ സ്ഫോടനം നടന്ന എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സംഭവങ്ങളിൽ എത്ര പേർ മരണപ്പെട്ടു; എത്ര പേർക്ക് പരിക്കുകൾപറ്റി എന്ന് വ്യക്തമാക്കാമോ;

(സി) തുടർച്ചയായി ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

**കേരള നിയമസഭ**
**25.03.2013–ലെ മറുപടിക്ക്**

<u>പടക്ക നിർമ്മാണവുമായി ബന്ധപ്പെട്ട അപകടങ്ങൾ</u>

T 1907 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, കെ. അജിത്
ശ്രീമതി ഗീതാ ഗോപി
ശ്രീ. വി. എസ്. സുനിൽകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പടക്ക നിർമ്മാണശാലയ്ക്ക് തീ പിടിച്ച് കൂട്ടമരണങ്ങൾ ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം അപകടങ്ങൾ ഇല്ലാതാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ;

(സി) ഇത്തരം അപകടങ്ങൾ ആവർത്തിക്കാതിരിക്കാൻ കൂടുതൽ കർശനമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>മണൽലോറികൾ പിടിച്ചിടുന്നതിനെതിരെ നടപടി</u>

1908 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനത്തുനിന്നും മണൽ കൊണ്ടുവരുന്നതു സംബന്ധിച്ച് റവന്യൂവകുപ്പ് 11.11.2010-ൽ 58289/പി3/2010/റവ. എന്ന നമ്പരിൽ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ, നിയമാനുസൃതരേഖകളോടെ ചെക്ക് പോസ്റ്റിൽ നിശ്ചിത ടാക്സ് അടച്ച രസീതോടെ വരുന്ന മണൽലോറി പിടിച്ചിടാൻ പോലീസിനെ അധികാരപ്പെടുത്തിയിട്ടുണ്ടോ;

(സി) കർണ്ണാടകയിൽ നിന്നും രേഖകളോടെ മണൽ കൊണ്ടുവന്ന ലോറികൾ കാസറഗോഡ് ജില്ലയിൽ പലയിടത്തും പിടിച്ചിട്ടിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) 11.11.2010-ലെ ഉത്തരവിലെ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി പോലീസ് മണൽലോറികൾ പിടിച്ചിട്ടിട്ടുണ്ടെങ്കിൽ അക്കാര്യം പരിശോധിച്ചു നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>മണൽ കടത്തുകാർ പോലീസിനെ ആക്രമിച്ച കേസുകൾ</u>

1909

ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അനധികൃത മണൽ കടത്തുകാർ പോലീസിനെ ആക്രമിച്ച എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ അനധികൃത മണൽ കടത്ത്</u>

1910

ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ അനധികൃത മണൽ കടത്തുമായി ബന്ധപ്പെട്ട എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) അനധികൃത മണൽക്കടത്തുമായി ബന്ധപ്പെട്ട് എത്ര വാഹനങ്ങൾ പിടിച്ചെടുത്തുവെന്നും ഇതിൽ എത്ര വാഹനങ്ങൾ ഉടമസ്ഥർക്ക് വിട്ടുകൊടുത്തുവെന്നും വിശദമാക്കുമോ;

(സി) വാഹനങ്ങൾ വിട്ടുകൊടത്തിട്ടുണ്ടെങ്കിൽ എന്തടിസ്ഥാനത്തിലാണ് വിട്ടുകൊടുത്തതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>കള്ളനോട്ടുമായി ബന്ധപ്പെട്ട കേസുകൾ</u>

1911 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കള്ളനോട്ട് പിടികൂടിയതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്;

(സി) ഈ കേസ്സുകളിലെല്ലാം കള്ളനോട്ടിന്റെ ഉറവിടം കണ്ടെത്താൻ സാധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>കുഴൽപ്പണം സംബന്ധമായ കേസ്സുകൾ</u>

1912 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കുഴൽപ്പണം സംബന്ധമായ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) അതിൽ എത്ര കേസ്സുകളിൽ അന്വേഷണം പൂർത്തിയായി ചാർജ്ജ് ഷീറ്റ് സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ ജില്ലയിലും രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം പ്രത്യേകം ലഭ്യമാക്കാമോ;

(ഡി) കുഴൽപ്പണത്തിന്റെ ഉറവിടം കണ്ടെത്താൻ സാധിച്ച കേസ്സുകളെത്രയെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

മണിചെയിൻ തട്ടിപ്പ്

T 1913 ശ്രീ.പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യാപകമായി പണപിരിവ് നടത്തുന്ന മണിചെയിൻ തട്ടിപ്പ് കമ്പനികൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വകാര്യ പണമിടപാടിന്റെ പേരിൽ ചൂഷണം നടത്തുന്ന ധനകാര്യ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>ജോലി വാഗ്ദാനം ചെയ്ത് പണം തട്ടിപ്പ് നടത്തിയ കേസ്സുകൾ</u>

1914 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ജോലി വാഗ്ദാനം ചെയ്ത് പണം തട്ടിപ്പ് നടത്തിയ എത്ര കേസ്സ് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ കേസ്സുമായി ബന്ധപ്പെട്ട് എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>കാണാതായ കുട്ടികളെ കണ്ടെത്തുന്നതിന് സംവിധാനം</u>

1915 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011, 2012 വർഷങ്ങളിലും 2013 നാളിതുവരെയും സംസ്ഥാനത്തു നിന്നും എത്ര കുട്ടികളെ കാണാതായിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഓരോ വർഷത്തിലും എത്ര ആൺകുട്ടികളെയും എത്ര പെൺകുട്ടികളെയും കാണാതായെന്ന് വ്യക്തമാക്കുമോ;

(സി) കാണാതാവുന്ന കുട്ടികളെ കണ്ടെത്തുന്നതിന് പോലീസ് സംവിധാനം കൂടാതെ ഇതുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന സർക്കാർ സംവിധാനങ്ങളെയും അവയുടെ പ്രവർത്തനങ്ങളെയും സംബന്ധിച്ച് വിശദീകരിക്കുമോ;

(ഡി) കാണാതാവുന്ന കുട്ടികളെ കണ്ടെത്തുന്നതിന് സംസ്ഥാന സർക്കാർ കൈക്കൊണ്ട നടപടികൾ 2013 ജനുവരി 17 ന് നേരിട്ട് ഹാജരായി അറിയിക്കണമെന്ന സുപ്രീം കോടതി നിർദ്ദേശപ്രകാരം സംസ്ഥാന ഗവൺമെന്റിനെ പ്രതിനിധീകരിച്ച് ആരാണ് കോടതിയിൽ ഹാജരായതെന്നു വ്യക്തമാക്കുമോ;

(ഇ) ഇതുമായി ബന്ധപ്പെട്ട് സുപ്രീംകോടതിയിൽ സത്യവാങ്മൂലം നൽകിയിട്ടില്ലെങ്കിൽ എന്തുകൊണ്ടാണെന്നു വിശദീകരിക്കുമോ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

<u>കുട്ടികളെ തട്ടിക്കൊണ്ടുപോയ കേസുകൾ</u>

1916 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സർക്കാർ അധികാരമേറ്റശേഷം പ്രായപൂർത്തിയാകാത്ത കുട്ടികളെ തട്ടിക്കൊണ്ടുപോയ എത്ര കേസുകൾ ഉണ്ടായിട്ടുണ്ട്;

(ബി) ഈ കേസുകളുമായി ബന്ധപ്പെട്ട് എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്;

(സി) കുട്ടികളെ തട്ടിക്കൊണ്ടുപോകുന്ന സംഘങ്ങൾ സംസ്ഥാനത്ത് നിലവിലുള്ള കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ഡി) ഈ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ ജാഗ്രതാ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

കേരള ആന്റി സോഷ്യൽ ആക്ടിവിറ്റീസ് പ്രിവൻഷൻ ആക്ട്

1917 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ആന്റി സോഷ്യൽ ആക്ടിവിറ്റീസ് പ്രിവൻഷൻ ആക്ട്(KAPA) എന്നാണ് നിലവിൽ വന്നത്; അതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം ആയിരുന്നു;

(ബി) ഇതിന്റെ പരിധിയിൽ വരുന്നത് ആരെല്ലാമാണ്;

(സി) ഇതിൻ പ്രകാരം ഗുണ്ടാ ലിസ്റ്റിൽ ഉൾപ്പെടുത്തണമെങ്കിൽ ചുരുങ്ങിയത് എത്ര കേസ്സുകളിൽ പ്രതിയാവണം എന്ന് വ്യക്തമാക്കാമോ;

(ഡി) രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഭാഗമായി കേസ്സുകളിൽ പ്രതിയാവുന്നവർ ഇതിന്റെ പരിധിയിൽ വരുമോ;

(ഇ) ആറുമാസത്തിനുള്ളിൽ എത്ര കേസ്സുകളിൽ പ്രതിയായാലാണ് ഗുണ്ടാ ആക്ടിന്റെ പരിധിയിൽ വരികയെന്ന് വ്യക്തമാക്കാമോ;

(എഫ്) ഗുണ്ടാ ആക്ട് പ്രകാരം കസ്റ്റഡിയിലുള്ളവരുടെ എണ്ണം ജില്ല തിരിച്ച് നൽകാമോ;

(ജി) പാലക്കാട് ജില്ലയിൽ പ്രസ്തുത ആക്ട് പ്രകാരം നിലവിൽ തടവിലുള്ളവരുടെ പേരും, വിലാസവും പ്രസിദ്ധീകരിക്കാമോ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

**വ്യാജ ഔദ്യോഗിക നെയിംബോർഡുകൾ ഉപയോഗിക്കുന്ന സ്വകാര്യ വാഹനങ്ങൾ**

1918 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാജ്യസുരക്ഷയ്ക്ക് ഭീഷണിയായി വ്യാജ ഔദ്യോഗിക നെയിംബോർഡുകൾ ഉപയോഗിച്ച് സ്വകാര്യ വാഹനങ്ങൾ നിരത്തിലോടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇത്തരത്തിൽ വാഹനനിയമം ലംഘിച്ച വ്യക്തികളെയോ സംഘടനകളെയോ സംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദവിവരം അറിയിക്കുമോ;

(സി) എങ്കിൽ ഇതിലേതെങ്കിലും കേസ്സുകൾ തീവ്രവാദബന്ധമുള്ളവയാണെന്ന കാര്യം സ്ഥിരീകരിച്ചിട്ടുണ്ടോ;

(ഡി) ഇത്തരം നിയമവിരുദ്ധ പ്രവണതകൾ തടയുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>മനുഷ്യക്കടത്ത്</u>

1919

ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2007 മുതൽ 2012 വരെയുള്ള കാലയളവിലെ മനുഷ്യക്കടത്തുമായി ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) മനുഷ്യക്കടത്ത് പ്രോത്സാഹിപ്പിക്കുന്നതിന് എമിഗ്രേഷൻ ഉദ്യോഗസ്ഥർ സഹായിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ പ്രവണത തടയുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്സ്</u>

1920

ശ്രീ. സണ്ണി ജോസഫ്
,, പി. സി. വിഷ്ണുനാഥ്
,, ആർ. സെൽവരാജ്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്സ് സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) ഇതിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഈ സംവിധാനം കൂടുതൽ പ്രോത്സാഹിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും എന്തെല്ലാം നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(ഇ) ഈ സംവിധാനം പരിപോഷിപ്പിക്കുന്നതിന് എന്തെല്ലാം ആനുകൂല്യങ്ങളാണ് വിദ്യാർത്ഥികൾക്ക് നൽകുവാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

<u>സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് സംവിധാനം</u>

1921

ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് സംവിധാനം വ്യാപിപ്പിക്കുവാൻ ഉദ്ദേശിയ്ക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) സ്റ്റുഡന്റ്സ് പോലീസ് കേഡറ്റിൽ അംഗമായിട്ടുള്ള കുട്ടികൾക്ക് ഗ്രേസ് മാർക്ക് നൽകുന്നതിന് വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെടുമോ; വിശദാംശം നൽകുമോ;

(സി) ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

<u>പ്രതികളെ മോചിപ്പിച്ചുകൊണ്ടുപോയ സംഭവങ്ങൾ</u>

1922 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം സംസ്ഥാനത്തെ പോലീസ് പിടികൂടിയ പ്രതികളെ പോലീസ് സ്റ്റേഷനിൽനിന്ന് മോചിപ്പിച്ച് കൊണ്ടുപോയ എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ സംഭവങ്ങളുടെ വിശദാംശങ്ങളും, ഇതിൽ ആരൊക്കെയാണ് പ്രതികളെന്നും വിശദമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തെന്നും, ഓരോ കേസിലും ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് കേസെടുത്തതെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>പോലീസ് സേനാവാഹനങ്ങൾ</u>

1923 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയ്ക്ക് എത്ര വാഹനങ്ങളുണ്ട്; ഇവ ഏതൊക്കെ ഇനത്തിലുള്ളതാണെന്നും എത്ര വീതമാണെന്നും വ്യക്തമാക്കാമോ ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പോലീസ് സേനയ്ക്കായി എത്ര വാഹനങ്ങൾ വാങ്ങുകയുണ്ടായി; ഇവ ഏതൊക്കെ ഇനത്തിൽപ്പെട്ടതാണെന്നും എത്ര വീതമാണെന്നും വ്യക്തമാക്കാമോ ;

(സി) ഉന്നത ഉദ്യോഗസ്ഥരിൽ എത്ര പേർക്ക് ഒന്നിലധികം വാഹനങ്ങൾ സ്വന്തം ഉപയോഗത്തിനായി നൽകിയിട്ടുണ്ട്; ആർക്കൊക്കെ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

<u>കാലാവധി പൂർത്തിയാക്കിയ വാഹനങ്ങളുടെ ലേലം</u>

1924 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിൽ കാലാവധി പൂർത്തിയാക്കിയ വാഹനങ്ങൾ കണ്ടം ചെയ്ത് ലേല നടപടികൾ പൂർത്തിയാക്കുവാൻ എത്ര സമയമെടുക്കും;

(ബി) കാലതാമസം നേരിടുന്നുണ്ടെങ്കിൽ നടപടിക്രമങ്ങൾ ലഘൂകരിച്ച് കഴിയുന്നതും വേഗം ഇത്തരം വാഹനങ്ങൾ ലേലം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>മോട്ടോർ വാഹന നിയമം ലംഘിക്കുന്ന സർക്കാർ വാഹനങ്ങൾ</u>

1925

ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന നിയമം പാലിക്കാത്ത എത്ര സർക്കാർ വാഹനങ്ങൾ നിലവിൽ സർവ്വീസ് നടത്തുന്നുണ്ട്;

(ബി) എങ്കിൽ ഇവയിൽ സൺ ഗ്ലാസ് ഫിലിം നീക്കം ചെയ്യാത്ത എത്ര വാഹനങ്ങൾ ഉണ്ട്; വിശദാംശം അറിയിക്കാമോ;

(സി) ഇത്തരം വാഹനങ്ങളിൽ സൺ ഗ്ലാസ് ഫിലിം നീക്കം ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

പിതാവിനെ സന്ദർശിക്കാൻ അനുമതി

1926 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാറപകടത്തെത്തുടർന്ന് വിദഗ്ദ്ധ ചികിൽസയ്ക്ക് ശേഷം വീട്ടിൽ എത്തിയ ശ്രീ. ജഗതി ശ്രീകുമാറിനെ നേരിൽ കാണാൻ മകൾ ശ്രീലക്ഷ്മിയെ അനുവദിക്കാതിരിക്കുന്നത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) സ്വന്തം മകൾക്ക് ജഗതി ശ്രീകുമാറിനെ നേരിൽ കാണാൻ തടസ്സമായി നൽക്കുന്ന ഘടകങ്ങൾ എന്താണെന്ന് അന്വേഷിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ശ്രീലക്ഷ്മിയുടെ പരാതിയിന്മേൽ സ്വീകരിച്ച നടപടി എന്താണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>നെൽവയൽ -നീർത്തട സംരക്ഷണ നിയമം ലംഘിക്കുന്നവർക്കെതിരെ നടപടി</u>

1927 ശ്രീ.ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള നെൽവയൽ- നീർത്തട സംരക്ഷണ നിയമം പരിപാലിക്കപ്പെടുന്നുണ്ടോ എന്ന് വിലയിരുത്തുവാനും നിയമലംഘനം നടത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുവാനോ ശുപാർശ ചെയ്യുവാനോ സംസ്ഥാന പോലീസിലെ ഏതെങ്കിലും വിഭാഗത്തിന് അധികാരം നല്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുമോ;

(ബി) മേൽ സൂചിപ്പിച്ച വിധമുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ; ആയത് പ്രയോജനപ്രദമാണെന്ന് ബോധ്യമുണ്ടോ;

(സി) ഇതിനായി പ്രത്യേക വിഭാഗത്തെ സജ്ജമാക്കി അന്വേഷണം ഊർജ്ജിതപ്പെടുത്തുവാൻ തയ്യാറാകുമോ?

# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

## പോലീസ് സഹകരണ സംഘം തെരഞ്ഞെടുപ്പ്

1928 ശ്രീ. വി. ശിവന്‍കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഇക്കഴിഞ്ഞ കേരളാ പോലീസ് സഹകരണ സംഘം തെരഞ്ഞെടുപ്പിനെ സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) വോട്ടര്‍പട്ടികയില്‍ ക്രമക്കേടു നടന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) എങ്കില്‍ ഇക്കാര്യത്തില്‍ സ്വീകരിച്ച നടപടി വിശദമാക്കുമോ;

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>ഹോംഗാർഡുകൾക്ക് ആനുകൂല്യങ്ങൾ</u>

1929

ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രാഫിക് ഡ്യൂട്ടികളിൽ നിർണ്ണായകമായ പങ്ക് വഹിക്കുന്ന ഹോംഗാർഡുമാർക്ക് ദിവസവേതനത്തിനു പുറമെ മറ്റൊരാനുകൂല്യവും ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹോംഗാർഡുമാർക്ക് ലീവ് ആനുകൂല്യങ്ങളും, വേതന വർദ്ധനവും നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>സർക്കാർ ജീവനക്കാർക്കെതിരെയുള്ള കൈക്കൂലികേസ്സുകൾ</u>

1930 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൈക്കൂലി വാങ്ങിയതുമായി ബന്ധപ്പെട്ട് എത്ര സർക്കാർ ജീവനക്കാർക്കെതിരെ കേസ്സെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര ജീവനക്കാരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും എത്ര ജീവനക്കാരെ സസ്പെൻഡ് ചെയ്തിട്ടുണ്ടെന്നും വകുപ്പുതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് അഴിമതികേസ്സിൽ സസ്പെൻഡ് ചെയ്യപ്പെട്ട എത്രപേരെ സർവ്വീസിൽ തിരിച്ചെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

ഫോൺ ചോർത്തൽ

1931 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര വ്യക്തികളുടെ ഫോണുകൾ ചോർത്തുന്നതിനാണ് അനുവാദം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ എത്ര വ്യക്തികളുടെ ഫോൺ സംഭാഷണം ചോർത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഏതെല്ലാം വ്യക്തികളുടെ ഫോണുകളാണ് ചോർത്തൽ അനുമതി നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>പാസ്പോർട്ട് അപേക്ഷയിൽ തീർപ്പുകൽപ്പിക്കാൻ സമയപരിധി</u>

1932 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാസ്പോർട്ട് അപേക്ഷയിൽ തീർപ്പുകൽപ്പിക്കാൻ സമയപരിധി നിശ്ചയിച്ചിട്ടുള്ള സാഹചര്യത്തിൽ പോലീസ് വെരിഫിക്കേഷൻ നടപടി പൂർത്തിയാക്കി റിപ്പോർട്ട് നൽകാൻ സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ, സമയപരിധി നിശ്ചയിക്കുമോ;

(ബി) കാസറഗോഡ് ജില്ലയിൽ പാസ്പോർട്ട് വെരിഫിക്കേഷനിൽ അനാവശ്യകാലതാമസം വരുത്തുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജില്ലയിൽ ഏതു തീയതി വരെ വെരിഫിക്കേഷനു ലഭിച്ച അപേക്ഷകളിൽ റിപ്പോർട്ട് നൽകിയിട്ടുണ്ട്;

(ഡി) 01.03.2013 വരെ ലഭിച്ചതിൽ ഇനി എത്ര അപേക്ഷകളിന്മേൽ റിപ്പോർട്ട് നൽകാനുണ്ട്; അതിൽ ഏറ്റവും പഴക്കമുള്ള അപേക്ഷ വെരിഫിക്കേഷനായി ലഭിച്ച തീയതി എന്നാണെന്നു വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>ചാലക്കുടി പോലീസ് സ്റ്റേഷനിൽ ജനമൈത്രി പോലീസ്</u>

1933 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനമൈത്രി പോലീസ് പദ്ധതി നടപ്പാക്കിയ പോലീസ് സ്റ്റേഷനുകളിൽ ഇതിനായി ആവശ്യത്തിന് പോലീസുകാരെ നിയമിച്ചിട്ടുണ്ടോ;

(ബി) ചാലക്കുടി പോലീസ് സ്റ്റേഷനിൽ ജനമൈത്രി പോലീസ് പ്രവർത്തനത്തിനായി ആവശ്യത്തിന് ഉദ്യോഗസ്ഥർ ഇല്ലാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>ജനമൈത്രി പദ്ധതി</u>

1934 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ജനമൈത്രി പോലീസ് പദ്ധതി നടപ്പാക്കിയ സ്ഥലങ്ങളിൽ കുറ്റകൃത്യ നിരക്ക് കുറഞ്ഞ് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>സൈബർ കുറ്റകൃത്യങ്ങൾ</u>

1935 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര സൈബർ പോലീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുണ്ട് ; എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിനുള്ള പ്രത്യേക സെൽ പോലീസിൽ രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് ആരംഭിച്ചത് ; സെല്ലിന്റെ ഘടന വിശദമാക്കുമോ ;

(സി) സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് ഇതുവരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; എത്ര കേസ്സുകൾ രജിസ്റ്റർ ചെയതു. എത്ര കേസ്സുകൾ കോടതിയുടെ പരിഗണനയിലാണ് ; എത്ര കേസ്സുകളിൽ പ്രതികളെ കോടതി ശിക്ഷിച്ചിട്ടുണ്ട് ; എത്ര പേരെ കോടതി വെറുതെ വിട്ടു ;

(ഡി) സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ ; ഏതെല്ലാം രീതിയിലുള്ള കുറ്റകൃത്യങ്ങളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>സി. ബി.ഐ അന്വേഷിക്കുന്ന കേസുകൾ</u>

1936 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ സി. ബി. ഐ അന്വേഷിച്ചു വരുന്ന എത്ര കേസുകൾ ഉണ്ട്; അവ ഏതെല്ലാമാണ്; വിശദാംശം നൽകുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര കേസുകൾ സി. ബി. ഐ ക്ക് കൈമാറിയിട്ടുണ്ട്; അവ ഏതെല്ലാമാണ്?

# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

<u>പുതിയ പോലീസ് സ്റ്റേഷനുകൾ</u>

1937 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(സി) പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

ഫോറൻസിക് വിദഗ്ദ്ധരുടെ തസ്തിക വർദ്ധിപ്പിക്കാൻ നടപടി

1938 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫോറൻസിക് പരിശോധന പൂർത്തിയാകാത്ത കേസ്സുകളുടെ എണ്ണം എത്രയെന്നു വ്യക്തമാക്കുമോ;

(ബി) സംസ്ഥാന പോലീസിൽ ഇപ്പോഴുള്ള ഫോറൻസിക് വിദഗ്ദ്ധരുടെയും ക്രിമിനോളജിസ്റ്റുകളുടെയും എണ്ണം വ്യക്തമാക്കുമോ; ഇവരിൽ ഫോറൻസിക് സയൻസ് ബിരുദാനന്തരബിരുദമുള്ള എത്രപേർ ഉണ്ടെന്നു വ്യക്തമാക്കുമോ;

(സി) ജസ്റ്റിസ് കെ. ടി. തോമസ് അദ്ധ്യക്ഷനായ സമിതിയുടെ ശുപാർശ പ്രകാരം കേരളത്തിൽ ആവശ്യമായ ഫോറൻസിക് വിദഗ്ദ്ധരുടെ തസ്തിക എത്രയെന്നു വ്യക്തമാക്കുമോ;

(ഡി) സംസ്ഥാന പോലീസിൽ ഫോറൻസിക് വിദഗ്ദ്ധരുടെ എത്ര തസ്തികകളാണു നിലവിലുള്ളതെന്നു വ്യക്തമാക്കുമോ; ഇതു വർദ്ധിപ്പിക്കുന്നതിനു നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>പോലീസ് സേനയുടെ അംഗബലം</u>

1939 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ പോലീസ് സേനയിൽ ആംഡ് പോലീസ്, റിസർവ് പോലീസ്, ലോക്കൽ പോലീസ് എന്നീ വിഭാഗങ്ങളിലായുളള അംഗസംഖ്യ വ്യക്തമാക്കുമോ;

(ബി) വനിതകൾ, പുരുഷൻമാർ എന്നിവരുടെ വെവ്വേറെ കണക്ക് ലഭ്യമാക്കാമോ;

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

<u>പോലീസ് സേനയുടെ നവീകരണം</u>

1940 ശ്രീ. ബെന്നി ബെഹനാൻ
,, വർക്കല കഹാർ
,, കെ. മുരളീധരൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയെ നവീകരിക്കുന്നതിനും പൊതുജനങ്ങളോടുള്ള സമീപനങ്ങളിൽ കാതലായ മാറ്റം വരുത്തുന്നതിനും എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

(ബി) ഉദ്യോഗസ്ഥർക്ക് പരിശീലനത്തിന്റെ ഭാഗമായി ബിഹേവിയർ തെറാപ്പി ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം എന്തെല്ലാം;

(സി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>സർക്കാർ ഉദ്യോഗസ്ഥരെ കേസുകളിൽപ്പെടുത്തുന്ന പ്രവണത</u>

1941 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിവിൽ തർക്കങ്ങളിൽ സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ ക്രിമിനൽ കേസ് നൽകി യഥാർത്ഥ കുറ്റവാളികൾ രക്ഷപ്പെടുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സിവിൽ തർക്കങ്ങളിൽ എതിർകക്ഷി ഉദ്യോഗസ്ഥനാണെങ്കിൽ അയാൾക്കെതിരെ ക്രിമിനൽ കേസ് നൽകി സിവിൽ കേസ് പിൻവലിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ പ്രവണത തടയുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

<u>പട്ടികജാതി– പട്ടികഗോത്ര വർഗ്ഗങ്ങൾക്ക് എതിരെയുള്ള അതിക്രമങ്ങൾ</u>

1942 ശ്രീ. ബെന്നി ബെഹനാൻ
,, ഷാഫി പറമ്പിൽ
,, സി. പി. മുഹമ്മദ്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി– പട്ടികഗോത്രവർഗ്ഗങ്ങൾക്ക് എതിരെയുള്ള അതിക്രമങ്ങൾ കൈകാര്യം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ;

(ബി) ഇതിനായി സ്പെഷ്യൽ മൊബൈൽ സ്ക്വാഡുകൾ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

പട്ടികജാതിക്കാരുമായി ബന്ധപ്പെട്ട കേസുകൾ

T. 1943 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2002-2012 കാലയളവിൽ സംസ്ഥാനത്ത് പട്ടികജാതിക്കാരുമായി ബന്ധപ്പെട്ട എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുളളത്;

(ബി) പ്രസ്തുത കേസുകളിൽ എത്ര കേസുകളാണ് പോലീസ് സ്റ്റേഷനിൽ വെച്ച് പരിഹരിച്ചതെന്നും, എത്ര കേസുകൾ തീർപ്പായെന്നും, ബാക്കി എത്ര കേസുകൾ കോടതിയുടെ പരിഗണനയിലാണെന്നും അറിയിക്കുമോ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

<u>പട്ടികജാതി–വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കെതിരായ അക്രമങ്ങൾ</u>

1944 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി –വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കെതിരായ എത്ര അക്രമകേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) എത്ര കേസ്സുകളിൽ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടെന്ന് പറയാമോ;

(സി) ഈ കാലയളവിൽ ഇതുമായി ബന്ധപ്പെട്ട് എത്ര കേസുകളിൽ കോടതി ശിക്ഷ വിധിക്കുകയോ തീർപ്പാക്കുകയോ ചെയ്തിട്ടുണ്ടെന്നും അതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

<u>സ്ഫോടക വസ്തു കൈവശം വച്ചതുമായി ബന്ധപ്പെട്ട കേസുകൾ</u>

1945 **ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സ്ഫോടക വസ്തുക്കളുമായി എത്ര പേർ പിടിയിലായിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പിടിയിലായവരുടെ പേരും ജില്ലയും വ്യക്തമാക്കാമോ;

(സി) എത്ര കേസുകൾ രജിസ്റ്റർ ചെയ്തുവെന്നും എത്ര പേരെ ശിക്ഷിച്ചുവെന്നും അറിയിക്കാമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

എസ്.ഐ. നിയമനം ത്വരിതപ്പെടുത്താൻ നടപടി

1946 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2007 -ലെ വിജ്ഞാപനത്തിലൂടെ പോലീസ് വകുപ്പിലേയ്ക്ക് സബ് ഇൻസ്പെക്ടർമാരെ തെരഞ്ഞെടുക്കുന്നതിനുവേണ്ടി നടത്തിയ പി.എസ്.സി. പരീക്ഷ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചു എന്നു വ്യക്തമാക്കുമോ;

(ബി) നിയമനം വൈകുന്നതുമൂലം റാങ്ക്ലിസ്റ്റിൽ ഉൾപ്പെട്ട 40 വയസ്സിലധികം പ്രായമുള്ളവർക്ക് നിയമനത്തിന്റെ ഭാഗമായ ട്രെയിനിംഗ് വളരെ ബുദ്ധിമുട്ടായിരിക്കുമെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വിശദമാക്കാമോ;

(സി) നിലവിൽ സബ് ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകളാണുളളത് എന്ന് വ്യക്തമാക്കുമോ;

(ഡി) നിലവിലുള്ള ലിസ്റ്റിൽ നിന്നും സബ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് നിയമനം നടത്തേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എത്രയും വേഗം നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>കാസർകോഡ് ജില്ലയിലെ വർഗ്ഗീയ സ്വഭാവമുള്ള കേസ്സുകൾ</u>

1947 ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ വർഗ്ഗീയ സ്വഭാവമുള്ള എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഏതൊക്കെ പോലീസ് സ്റ്റേഷനുകീഴിൽ ഏതൊക്കെ സംഭവത്തിന്റെ പേരിലാണ് കേസ്സ് എടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) കേസ്സിലെ എല്ലാ പ്രതികളേയും അറസ്റ്റ് ചെയ്തിട്ടുണ്ടോ എന്നും ഇവർക്കെതിരെയുള്ള കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോ എന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>കാസര്‍ഗോഡ് ജില്ലയിലെ പോലീസ് ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം</u>

1948 ശ്രീ. എന്‍. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാസര്‍ഗോഡ് ജില്ലയിലെ പോലീസ് സ്റ്റേഷനുകളില്‍ പോലീസുദ്യോഗസ്ഥര്‍ പീരിയോഡിക്കല്‍ ട്രാന്‍സ്ഫറില്ലാതെ സ്ഥിരമായി ജോലി ചെയ്യുന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) കാസര്‍ഗോഡ് ടൗണ്‍ പോലീസ് സ്റ്റേഷനില്‍ എത്ര ഉദ്യോഗസ്ഥര്‍ ജോലി നോക്കുന്നുണ്ട്; ഓരോരുത്തരും എന്നുമുതല്‍ ആ സ്റ്റേഷനില്‍ ജോലി നോക്കുന്നുണ്ടെന്നും ആ ജില്ലയില്‍ മൊത്തം എത്ര വര്‍ഷം തുടര്‍ച്ചയായി ജോലി ചെയ്തിട്ടുണ്ടെന്നും ഉള്ള വിശദവിവരം നല്‍കുമോ?

(സി) സ്ഥാപിത താല്‍പര്യക്കാരായ ചില ഉദ്യോഗസ്ഥര്‍ സ്ഥിരമായി ഒരേ സ്റ്റേഷനില്‍ ജോലി നോക്കുന്നത് അവിടത്തെ ക്രമസമാധാന പാലന വീഴ്ചയ്ക്കും കുറ്റകൃത്യങ്ങള്‍ക്കുള്ള പ്രേരണയ്ക്കും കാരണമാകുന്നു എന്നത് പരിഗണിച്ച് നിശ്ചിത കാലാവധി കഴിഞ്ഞു ജോലി നോക്കുന്നവരെ സ്ഥലം മാറ്റാന്‍ നിര്‍ദ്ദേശം നല്‍കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>വ്യാജനോട്ടുകേസ്സുകൾ നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസിക്കു കൈമാറാൻ നടപടി</u>

1949 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് മലബാർ ഗോൾഡ് ജ്വല്ലറിയിൽ വ്യാജ ഇന്ത്യൻ കറൻസി നൽകി സ്വർണ്ണം വാങ്ങാൻ ശ്രമിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, ഇതു സംബന്ധിച്ച എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശം അറിയിക്കുമോ;

(സി) അന്വേഷണം നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസിക്കു കൈമാറിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ഡി) സംസ്ഥാനത്ത് സമാനമായ കേസ്സുകൾ ഇൻവെസ്റ്റിഗേഷൻ ഏജൻസിക്കു കൈമാറിയിട്ടുള്ള സാഹചര്യത്തിൽ മേൽപ്പറഞ്ഞ കേസ് പ്രസ്തുത ഏജൻസിക്കു കൈമാറുന്നതിനുള്ള തടസ്സമെന്താണെന്നു വിശദമാക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>സ്കൂളിൽ പ്രധാനാധ്യാപകൻ കുട്ടികളെ പീഡിപ്പിച്ച വിഷയം</u>

1950

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ചെറുവത്തൂർ ഉപജില്ലാ പരിധിയിലുള്ള സ്കൂളിൽ പ്രധാനാധ്യാപകൻ കുട്ടികളെ പീഡിപ്പിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>പാർട്ടി ഓഫീസ് ആക്രമണം</u>

1951

### ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സി.പി.ഐ (എം) കാസർഗോഡ് ജില്ലാ കമ്മിറ്റി ഓഫീസ് എത്ര പ്രാവശ്യം ആക്രമിക്കപ്പെട്ടിട്ടുണ്ട്;

(ബി) എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ആരൊക്കെയാണ് പ്രതികൾ; പ്രതികളെ എല്ലാവരേയും അറസ്റ്റ് ചെയ്തിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

**കേരള നിയമസഭ**
**25.03.2013-ലെ മറുപടിക്ക്**

<u>പെരിങ്ങോം പോലീസ് സ്റ്റേഷൻ വിഭജനം</u>

1952 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുതായി പോലീസ് സ്റ്റേഷനുകൾ അനുവദിക്കാനുള്ള പ്രൊപ്പോസലുകൾ പരിഗണനയിലുണ്ടോ; എങ്കിൽ എവിടെയെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) കണ്ണൂർ ജില്ലയിൽ പെരിങ്ങോം പോലീസ് സ്റ്റേഷൻ വിഭജിച്ച് ചെറുപുഴ ആസ്ഥാനമായി പുതിയ പോലീസ് സ്റ്റേഷൻ രൂപീകരിക്കാനുള്ള പ്രൊപ്പോസലിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>മരണത്തിലെ ദുരൂഹത</u>

1953 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ തലക്കടത്തൂർ സുലൈമാൻ പടി സ്വദേശി മുളിയാട്ടിൽ മുഹമ്മദ് മൊഹിനുദ്ദീൻ എന്നയാൾ വിദേശത്ത് വച്ച് മരണപ്പെട്ടുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജക്കാർത്തയിലെ ഇന്ത്യൻ എംബസി ഇക്കാര്യം സ്ഥിരീകരിക്കാത്തതിനാൽ ദുരൂഹത നിലനിൽക്കുന്ന കാര്യം അറിയാമോ;

(സി) ദുരൂഹത അകറ്റി കുടുംബത്തിന്റെ മാനസിക പ്രയാസങ്ങൾ ദുരീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>പ്രതിമ തകർത്തവർക്കെതിരെ നടപടി</u>

1954

ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം, കോട്ടക്കൽ രാജാസ് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ സ്ഥാപിച്ച ഒ. വി. വിജയന്റെ പ്രതിമ തകർക്കപ്പെട്ട സംഭവത്തിൽ പോലീസ് അന്വേഷണം നടത്തുന്നുണ്ടോ;

(ബി) എങ്കിൽ അന്വേഷണ ചുമതല ആർക്കാണ്;

(സി) അന്വേഷണം പൂർത്തിയായിട്ടുണ്ടോ; കുറ്റക്കാരെ കണ്ടെത്തിയോ; ഇല്ലെങ്കിൽ അന്വേഷണം എന്ന് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>പൊന്നാനിയിൽ തീരദേശ പോലീസ് സ്റ്റേഷൻ</u>

1955 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനിയിൽ തീരദേശ പോലീസ് സ്റ്റേഷൻ അനുവദിച്ച് ഉത്തരവായിട്ടുണ്ടോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) എങ്കിൽ അത് തുടങ്ങുന്നതിന് സ്ഥലം/കെട്ടിടം എന്നിവ കണ്ടെത്തിയിട്ടുണ്ടോ; എവിടെയാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത സ്റ്റേഷൻ തുടങ്ങുന്നതിന് എന്താണ് തടസ്സമെന്ന് വിശദമാക്കാമോ:

(ഡി) സ്റ്റേഷൻ എന്ന് തുടങ്ങാനാകും എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>തിരൂർ ആസ്ഥാനമായി പോലീസ് സമുച്ചയം</u>

1956

ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരൂർ ആസ്ഥാനമായി വിവിധ പോലീസ് സ്റ്റേഷനുകൾക്ക് ഒരു പോലീസ് സമുച്ചയം നിർമ്മിക്കണമെന്ന ആവശ്യത്തിന്മേൽ എന്തെങ്കിലും പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇത് എന്നത്തേയ്ക്ക് നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുളളത്;

(ബി) തിരൂരിൽ വിവിധ സ്ഥലങ്ങളിൽ, പരിമിതമായ സൗകര്യത്തിൽ പോലീസ് ആഫീസുകൾ പ്രവർത്തിയ്ക്കുന്നുണ്ടെന്നുളള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്തു നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) തിരൂരിൽ പോലീസ് വകുപ്പ് 2013-14-ൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളും, പരിപാടികളും, എന്തെല്ലാമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>അനധികൃതമായി മരംമുറിച്ച സംഭവം</u>

1957 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ടൗണിൽ രാമനിലയം സ്റ്റേഡിയം റോഡിൽ പൊതു സ്ഥലത്ത് അനധികൃതമായി മരംമുറിച്ചതു സംബന്ധിച്ച എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ പരാതി നല്കിയത് ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) അനധികൃത മരംമുറി നടന്നിട്ടുണ്ടോ; വിശദീകരിക്കാമോ ;

(ഡി) അനധികൃതമായി മരംമുറിച്ചതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>പോലീസ് നടപടിയെ തുടർന്നുള്ള മരണങ്ങൾ</u>

1958 ശ്രീ. എളമരം കരീം
ഡോ. കെ. ടി. ജലീൽ
ശ്രീ. എ. പ്രദീപ്കുമാർ
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ 3 ആഴ്ചകൾക്കിടയിൽ പോലീസ് നടപടിയെ തുടർന്ന് സനൽരാജ്, ജയാനന്ദൻ, മഹേഷ്, രാജേഷ് എന്നീ നാലുപേർ വ്യത്യസ്ത സാഹചര്യങ്ങളിൽ മരണപ്പെടാനിടയായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംഭവങ്ങളെ തുടർന്ന്, ജനങ്ങൾക്കിടയിൽ പോലീസിനെക്കുറിച്ച് വ്യാപകമായ പരാതിയുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പോലീസിന്റെ ഭാഗത്തുനിന്നുള്ള അതിക്രമങ്ങൾ അവസാനിപ്പിക്കുവാൻ നടപടി കൈക്കൊള്ളുമോ?

# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

<u>കോഴിക്കോട് മാങ്കാവ് ബൈപ്പാസ് റോഡിൽ ബൈക്ക് യാത്രികർ മരണമടഞ്ഞ സംഭവം</u>

1959 ശ്രീ. എം. എ. ബേബി
ഡോ. തോമസ് ഐസക്
ശ്രീ. എളമരം കരീം
'' എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മാങ്കാവ് ബൈപ്പാസ് റോഡിൽ തിരുവണ്ണൂർ ജംഗ്ഷനിൽ പന്നിയങ്കര പോലീസ് എസ്.ഐ. യുടെ നേതൃത്വത്തിൽ 2013 മാർച്ച് 9 ന് രാത്രി വാഹന പരിശോധന നടത്തിയിരുന്നോ;

(ബി) എങ്കിൽ, പരിശോധനയ്ക്കിടയിൽ ഹെൽമറ്റ് ധരിക്കാതെ ബൈക്കോടിച്ച് വന്ന മഹേഷ്, രാജേഷ് എന്നിവരെ തടഞ്ഞ് നിർത്താൻ ശ്രമം നടക്കുകയുണ്ടായോ;

(സി) ബൈക്ക് യാത്രികരിൽ, പിറകിൽ ഇരിക്കുകയായിരുന്ന യാത്രക്കാരന്റെ ഷർട്ടിൽ എസ്.ഐ. കയറിപ്പിടിച്ച് വലിച്ചതിനെ തുടർന്ന് ബൈക്ക് യാത്രക്കാർ ഓടിക്കൊണ്ടിരുന്ന ബസ്സിന്റെ അടിയിൽപ്പെട്ട് മരണപ്പെട്ടതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ സംഭവത്തിൽ കുറ്റക്കാരനായ എസ്.ഐ.യുടെ പേരിൽ എന്തു നടപടി സ്വീകരിച്ചു?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

ബസ് കണ്ടക്ടറുടെ ആത്മഹത്യ

1960 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് പാലാഴി- മുക്കത്ത്കാവ് റൂട്ടിലോടുന്ന സിറ്റി ബസ്സിലെ കണ്ടക്ടർ ആത്മഹത്യ ചെയ്തത് കസബ സ്റ്റേഷനിൽ നിന്നുള്ള പോലീസിന്റെ ഭീഷണി മൂലമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തന്റെ ആത്മഹത്യക്ക് കാരണം പോലീസ് കള്ളക്കേസിൽ കുടുക്കുമെന്ന ഭിഷണിയാണെന്ന് മരണപ്പെട്ട ജയാനന്ദൻ എഴുതിവെച്ച കത്തുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജയാനന്ദന്റെ ആത്മഹത്യക്ക് പിന്നിൽ പോലീസിന്റെ നടപടി ഒരു കാരണമാണോ എന്ന് അന്വേഷണം നടത്തിയോ;

(ഡി) എങ്കിൽ എന്താണ് അന്വേഷണ റിപ്പോർട്ട് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

<u>അനധികൃത വാഹനപരിശോധന</u>

1961 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പന്നിയങ്കരയിൽ രണ്ടു പേരുടെ മരണത്തിനും തുടർന്നുണ്ടായ കലാപത്തിനും കാരണമായ സംഭവം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) വാഹനപരിശോധന സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി (നമ്പർ.യു1/17273/2012 സർക്കുലർ നമ്പർ.6/12) 28.03.12 ന് ഇറക്കിയ സർക്കുലർ സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ലഭിച്ചു എന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ അത് അനുസരിച്ച് പ്രവർത്തിക്കാനുളള ബാധ്യത പോലീസ് ഉദ്യോഗസ്ഥർക്കുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ ഉത്തരവ് വന്നതിനുശേഷം പോലീസിന്റെ ഒളിഞ്ഞിരുന്നുളള വാഹന പരിശോധനയിലൂടെ എത്ര പേർക്ക് ജീവൻ നഷ്ടപ്പെട്ടു എന്നും എത്ര അപകടങ്ങൾ ഉണ്ടായി എന്നും വ്യക്തമാക്കുമോ;

(ഇ) ഈ പരിശോധനകൾ സംസ്ഥാന പോലീസ് ചീഫിന്റെ ഉത്തരവ് പരസ്യമായി ലംഘിച്ചിട്ടുളളതാണെങ്കിൽ ഇത്തരത്തിൽ പ്രവർത്തിച്ച ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>പെൺകുട്ടിയെ കാണാതായ സംഭവം</u>

1962 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മാവൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ പെരുവയൽ അംശം കായലം ദേശത്ത് പത്തനാടത്ത് പ്രഭാകരൻ നായർ എന്നയാളുടെ മകൾ പ്രഷീലയെ കാണാതായതായ പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 25.03.2013–ലെ മറുപടിക്ക്

<u>പയ്യോളി മനോജ് കൊലക്കേസ്</u>

1963 ശ്രീ.എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പയ്യോളി മനോജ് കൊലക്കേസിൽ എത്ര പ്രതികൾക്കെതിരെയാണ് കേസ് ചാർജ് ചെയ്തിട്ടുള്ളത്;

(ബി) ഈ കേസ് പുനഃരന്വേഷണം നടത്തുന്നുണ്ടോ;

(സി) എങ്കിൽ ആർക്കാണ് അന്വേഷണ ചുമതല എന്ന് വ്യക്തമാക്കുമോ;

(ഡി) കോഴിക്കോട് ക്രൈം ബ്രാഞ്ച് (പി) ഡി.വൈ.എസ്.പി. ഷൗക്കത്തലിക്ക് ഈ കേസന്വേഷണത്തിന്റെ ചുമതലയുണ്ടോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>പയ്യോളി അയനിക്കാട് സനൽരാജിന്റെ ദുരൂഹമരണം</u>

1964 ശ്രീ. എളമരം കരീം
,, പി. റ്റി. എ. റഹീം
,, ബാബു എം. പാലിശ്ശേരി
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പയ്യോളി അയനിക്കാട് എന്ന സ്ഥലത്തെ സനൽരാജ് എന്ന ചെറുപ്പക്കാരൻ ദുരൂഹസാഹചര്യത്തിൽ മരണപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതേക്കുറിച്ച് രക്ഷിതാക്കൾ പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു;

(ബി) കോഴിക്കോട് ക്രൈംബ്രാഞ്ച് ആസ്ഥാനത്ത് വെച്ച് സനൽരാജിനെ ചോദ്യം ചെയ്ത് ഭീഷണിപ്പെടുത്തിയതും പീഡിപ്പിച്ചതുമാണ് മരണത്തിന് കാരണമായിട്ടുള്ളതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ എന്ത് നടപടിയാണ് ഇക്കാര്യത്തിൽ സ്വീകരിച്ചത്?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച്</u>

1965

ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ കാപ്പാട് കേന്ദ്രീകരിച്ച് പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച് മുൻ സർക്കാർ സ്വീകരിച്ചിരുന്ന നടപടിയും തീരുമാനവും വ്യക്തമാക്കുമോ;

(ബി) കാപ്പാട് പോലീസ് സ്റ്റേഷൻ സംബന്ധിച്ച് ഭരണ വകുപ്പിൽ ഇപ്പോൾ നടന്നുവരുന്ന നടപടികളും ഇത് സംബന്ധിച്ച് നടന്ന കത്തിടപാടുകളും വിശദമാക്കുമോ;

(സി) പ്രസ്തുത കത്തുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന നടപടിയുടെ പുരോഗതി വിശദമാക്കാമോ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

<u>അഞ്ചുവയസ്സുകാരിയെ പീഡിപ്പിച്ച സംഭവം</u>

1966 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 203/2013 കേസ്സിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസ്സന്വേഷണത്തിനായി പ്രത്യേക അന്വേഷണസംഘത്തെ നിയമിക്കുന്നതിനു നടപടി സ്വീകരിക്കുമോ എന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>വയനാട് ക്രൈംബ്രാഞ്ച് ഓഫീസ് കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം</u>

1967 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ക്രൈംബ്രാഞ്ച് ഓഫീസ് കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം കല്ലക്കാട് ബസ് സ്റ്റാൻഡ് വിപുലീകരണത്തിന് കൈമാറുന്നതു സംബന്ധിച്ച നിവേദനത്തിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് പോലീസ് മേധാവിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>ജയിലിലെ മരണവും നഷ്ടപരിഹാരവും</u>

T. 1968 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേർത്തല തണ്ണീർമുക്കം പഞ്ചായത്ത് സ്വദേശിയായിരുന്ന ഹരിഭവനിൽ ഗുരുദാസൻ മരുന്നും ചികിത്സയും കിട്ടാതെ ജയിലിൽ വച്ച് മരണമടഞ്ഞതിനെ തുടർന്ന് അദ്ദേഹത്തിന്റെ മരണത്തിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് മകൻ വിഷ്ണു നൽകിയ പരാതിയിന്മേൽ മനുഷ്യാവകാശ കമ്മീഷൻ നൽകിയ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കമ്മീഷൻ വിധിച്ച നഷ്ടപരിഹാരതുക ബന്ധുക്കൾക്ക് നൽകിയോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഇത് നൽകാൻ വൈകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നഷ്ടപരിഹാരമായി വിധിച്ച തുക എത്രയും വേഗം ബന്ധുക്കൾക്ക് ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇപ്രകാരം പോലീസ് നടപടികളുടെയും കൃത്യവിലോപത്തിന്റെയും പേരിൽ ജീവൻ നഷ്ടപ്പെടുകയും മറ്റു തരത്തിലുള്ള നഷ്ടങ്ങൾ ഉണ്ടാകുകയും ചെയ്യുന്ന കേസുകളിൽ സർക്കാർ നൽകേണ്ട നഷ്ടം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കാറുണ്ടോ;

(ഇ) ഈ ഇനത്തിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര തുക നഷ്ടപരിഹാരമായി നൽകേണ്ടിവന്നിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>തെന്മല പോലീസ് സ്റ്റേഷന് സ്വന്തം കെട്ടിടം</u>

1969 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട തെന്മലയിൽ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഒരേക്കറോളം സ്ഥലം വനം വകുപ്പ് അനുവദിച്ച് നൽകുവാൻ തയ്യാറാണെന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സാഹചര്യത്തിൽ യൂസർ ഏജൻസിയായ ആഭ്യന്തര വകുപ്പ് വനം വകുപ്പിന് നിയമാനുസൃതം നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ നൽകുവാൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കുമോ; ഇത്തരം അപേക്ഷ നൽകുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ പ്രസ്തുത തടസ്സം നീക്കി അപേക്ഷ നൽകുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>പറമ്പിക്കുളം പോലീസ് ക്വാർട്ടേഴ്സ് പുതുക്കി പണിയുന്നതിന് നടപടി</u>

1970 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം പോലീസ് സ്റ്റേഷനോടനുബന്ധിച്ചുള്ള പോലീസ് ക്വാർട്ടേഴ്സ് ഉപയോഗയോഗ്യമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എത്ര ക്വാർട്ടേഴ്സുകളാണ് ഇത്തരത്തിൽ തകർന്നു കിടക്കുന്നത്; എത്ര വർഷമായി ഈ ക്വാർട്ടേഴ്സുകൾ ഉപയോഗിക്കാതായിട്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ക്വാർട്ടേഴ്സുകൾ പുതുക്കി പണിയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

<u>വിദ്യാർത്ഥിനിയെ പീഡിപ്പിച്ച കേസിലെ പ്രതികളെ അറസ്റ്റു ചെയ്യാൻ നടപടി</u>

1971 **ശ്രീ. ആർ. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ പടനിലം ഹയർ സെക്കന്ററി സ്കൂളിലെ 10–ാം ക്ലാസ് വിദ്യാർത്ഥിനിയെ പീഡപ്പിച്ച കേസിലെ പ്രതികളെ അറസ്റ്റു ചെയ്തിട്ടുണ്ടോ;

(ബി) ഈ കേസിൽ അന്വേഷണം തൃപ്തികരമല്ല എന്നത് പരിശോധിച്ചിട്ടുണ്ടോ; ഈ കേസിലെ പ്രതികളെ സംരക്ഷിക്കാൻ ചില പോലീസ് ഉദ്യോഗസ്ഥർ ശ്രമിക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അന്വേഷണ ഉദ്യോഗസ്ഥരെ സർക്കാർ മാറ്റിയിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ;

(സി) അടിയന്തിരമായി പ്രതികളെ പിടികൂടുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

## കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>ആംഡ് ബറ്റാലിയനിലെ കോൺസ്റ്റബിൾ തസ്തിക</u>

1972 ശ്രീ. കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സ്പെഷ്യൽ ആംഡ് പോലീസ് ബറ്റാലിയനിലെ അനുവദനീയമായ പോലീസ് കോൺസ്റ്റബിൾമാരുടെ അംഗബലമെത്ര;

(ബി) പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) നിലവിൽ എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

## വിജിലൻസ് ആസ്ഥാനത്ത് ലഭിച്ച പരാതികൾ

1973 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിജിലൻസ് ആസ്ഥാനത്ത് ടോൾ ഫ്രീ നമ്പർ 8592900900 വഴി ലഭിച്ച പരാതികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) കഴിഞ്ഞ 2 വർഷത്തിനുളളിൽ ലഭിച്ച പരാതികളുടെ എണ്ണം വ്യക്തമാക്കാമോ;

(സി) അതിൽ പ്രാഥമിക അന്വേഷണം നടത്തിയ പരാതികളെത്ര; അന്വേഷണം നടക്കാത്ത പരാതികളെത്ര; വ്യക്തമാക്കാമോ;

(ഡി) തുടരന്വേഷണത്തിന് ഉത്തരവിട്ട പരാതികളെത്ര എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>ട്രാവൻകൂർ ടൈറ്റാനിയത്തിലെ വിജിലൻസ് അന്വേഷണം</u>

1974 ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. എം. ഹംസ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിലെ മാലിന്യ നിർമ്മാർജ്ജന പദ്ധതി നടത്തിപ്പിൽ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ; എത്ര കോടി രൂപ ഖജനാവിന് നഷ്ടം വരുത്താൻ ഇടയാക്കി എന്നായിരുന്നു ആരോപണം;

(ബി) അന്വേഷണവുമായി ബന്ധപ്പെട്ട് രേഖകൾ എന്തെങ്കിലും പരിശോധിക്കാൻ അവശേഷിക്കുന്നുണ്ടോ; ആരോപണങ്ങൾ സംബന്ധിച്ച് വിജിലൻസ് കോടതിയിൽ സമർപ്പിക്കപ്പെട്ട എല്ലാ രേഖകളും അന്വേഷണ സംഘം പരിശോധിക്കുകയുണ്ടായോ;

(സി) ഇപ്പോൾ അന്വേഷണം നടത്തുന്ന പോലീസ് ഉദ്യോഗസ്ഥർ ആരൊക്കെയാണ്; ഈ കേസിൽ തുടക്കം മുതൽ അന്വേഷണം നടത്തിവന്നിരുന്ന ആരെയൊക്കെ ഇതിനകം സ്ഥലം മാറ്റിയിട്ടുണ്ട്;

(ഡി) ഈ കേസ് അന്വേഷണം സംബന്ധിച്ച് വിജിലൻസ് കോടതിയിൽ നിന്നുണ്ടായ ഏറ്റവും ഒടുവിലത്തെ നിർദ്ദേശം എന്തായിരുന്നു; വിശദമാക്കാമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>വിജിലൻസ് അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥർ</u>

1975 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉന്നത ഉദ്യോഗസ്ഥരുടെ പേരിൽ വിജിലൻസ് കേസ്സുകൾ നിലവിലുണ്ടോ;

(ബി) എങ്കിൽ ആരുടെയെല്ലാം പേരിൽ ഏതെല്ലാം കേസുകളാണെന്ന് വിശദീകരിക്കാമോ;

(സി) വിജിലൻസ് അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥരെ ഉന്നത സ്ഥാനങ്ങളിൽ നിയമിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

ഫയർ ആന്റ് റസ്ക്യൂ സർവ്വീസിന് ലഭിച്ച കേന്ദ്ര ഫണ്ട് വിനിയോഗം

1976 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഫയർ ആൻഡ് റസ്ക്യൂ സർവ്വീസിൽ 2005 മുതൽ 2013 വരെയുള്ള കാലയളവിൽ ഓരോ വർഷവും എത്ര കേന്ദ്ര ഫണ്ട് ലഭിച്ചു എന്നു വ്യക്തമാക്കുമോ;

(ബി) ഏറ്റവും അവസാനമായി ലഭിച്ച ഫണ്ട് ഏതൊക്കെ ആവശ്യങ്ങൾക്കായി വിനിയോഗിച്ചു എന്നു വിശദമാക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>ഫയലുകൾ കാണാതായതു സംബന്ധിച്ച പരാതി</u>

1977 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഫയർ ആൻഡ് റസ്ക്യൂ സർവ്വീസിലെ ചില സുപ്രധാന ഫയലുകൾ കാണാതായതു സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പരാതിയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നു വിശദമാക്കാമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

ഫയലുകൾ കാണാതായതു സംബന്ധിച്ച പരാതി

1978 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഫയർ ആൻഡ് റെസ്ക്യൂ സർവീസസ് ആസ്ഥാനത്തു നിന്നും ചില സുപ്രധാന ഫയലുകൾ കാണാതായതു സംബന്ധിച്ച വാർത്തകളുടെ നിജസ്ഥിതി എന്താണെന്നു വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം വിഷയങ്ങളുമായി ബന്ധപ്പെട്ട ഫയലുകളാണ് കാണാതായതെന്നു വ്യക്തമാക്കുമോ;

(സി) കാണാതായ ഫയലുകളെ സംബന്ധിച്ച് അന്വേഷണം നടത്തുകയും ഉത്തരവാദികളെ കണ്ടെത്തുകയും ചെയ്തോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഫയൽ കാണാതായതുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ;

(ഇ) പരാതിയിൻമേൽ എന്തു നടപടിയാണ് സ്വീകരിച്ചതെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

ഫയർസ്റ്റേഷനുകളിൽ വാഹനങ്ങളുടെ അപര്യാപ്തത

1979 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫയർ സ്റ്റേഷനുകളിൽ വാഹനങ്ങളുടെ അപര്യാപ്തത മൂലം കൃത്യ സമയത്ത് അപകട സ്ഥലങ്ങളിൽ എത്തിച്ചേരാൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ഫയർ സ്റ്റേഷനുകളിൽ എത്ര വാഹനങ്ങളുടെ കുറവ് നിലവിലുണ്ട്; എവിടെയൊക്കെയാണെന്ന് വിശദമാക്കാമോ;

(സി ഫയർ സ്റ്റേഷനുകൾക്ക് പുതുതായി വാഹനം അനുവദിക്കാനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>കുന്നംകുളം ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷനിൽ ജലം ലഭിക്കുന്നതിനുള്ള പദ്ധതി</u>

1980

ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷനിൽ വേനൽകാലത്ത് ദിനംപ്രതി എത്ര ഫോൺ കോളുകളാണ് ശരാശരി എത്താറുള്ളത്;

(ബി) സേവനമേഖലയുടെ വലിപ്പം കൊണ്ടും, തീയണയ്ക്കാനുള്ള ഫോൺ കോളുകളുടെ എണ്ണം കൊണ്ടും സംസ്ഥാനത്തു തന്നെ മുന്നിൽ നിൽക്കുന്ന ഈ സ്റ്റേഷനിൽ ആവശ്യത്തിന് വെള്ളം ലഭ്യമല്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ സ്റ്റേഷൻ കോമ്പൗണ്ടിൽ ആവശ്യത്തിനുള്ള ജലം ലഭിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുമോ;

(ഡി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

ചാലക്കുടി ഫയർസ്റ്റേഷന് പുതിയ കെട്ടിടം

1981 ശ്രീ. ബി.ഡി.ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഴയതും ജീർണ്ണിച്ചതുമായ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ചാലക്കുടി ഫയർസ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ചാലക്കുടി ഫയർസ്റ്റേഷനിൽ ആവശ്യത്തിന് ജീവനക്കാരും വാഹനമടക്കമുള്ള സൗകര്യങ്ങളും ഉപകരണങ്ങളും ഇല്ലാത്തതുമൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

**ഫയർഫോഴ്സിലെ ഹോം ഗാർഡുകൾക്ക് യൂണിഫോം അലവൻസ്**

1982 ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫയർഫോഴ്സിൽ ഹോംഗാർഡുകളായി നിയമനം ലഭിച്ച വിമുക്തഭടൻമാർക്ക് യൂണിഫോം അലവൻസിന് അർഹതയുണ്ടോ;

(ബി) ഈ ഇനത്തിൽ ഹോംഗാർഡുകൾക്ക് തുക കൊടുത്തു തീർക്കുവാനുണ്ടോ; എങ്കിൽ എത്ര കുടിശ്ശിക ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇത് കൊടുത്തുതീർക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>ജയിൽ നവീകരണം</u>

1983 ശ്രീ.കെ.കെ.ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12, 2012-13 എന്നീ വർഷങ്ങളിൽ ജയിൽ നവീകരണത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും എത്ര തുക ലഭിച്ചു; എത്ര തുക ചെലവഴിച്ചു; എത്ര തുക ലാപ്സായി; വിശദാംശം നല്കുമോ;

(ബി) കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന ജയിൽ നവീകരണത്തിനുള്ള ഫണ്ട് ഏതെല്ലാം പദ്ധതികൾക്കാണ് ചെലവഴിക്കുന്നത്; ഇതിൽ നിന്നും വകമാറ്റി ചെലവഴിച്ച തുക എത്ര?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

<u>തടവുകാർക്ക് പരോൾ</u>

1984 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തടവുകാരിൽ നിന്നും എത്ര പരോൾ അപേക്ഷകൾ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ പരോൾ അനുവദിക്കാത്ത അപേക്ഷകളുടെ എണ്ണം വ്യക്തമാക്കാമോ;

(സി) ഓരോ ജില്ലയിലുമുള്ള ശിക്ഷാ തടവുകാരുടേയും റിമാന്റ് തടവുകാരുടെയും എണ്ണം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 25.03.2013-ലെ മറുപടിക്ക്

ജയിലുകളിൽ നിന്ന് പൊതുവിപണിയിൽ എത്തിക്കുന്ന ഭക്ഷണ പദാർത്ഥങ്ങൾ

1985 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതൊക്കെ ജയിലുകളിലാണ് ഭക്ഷണ പദാർത്ഥങ്ങൾ പാകം ചെയ്ത് ജയിലിന് പുറത്ത് പൊതു ജനങ്ങൾക്കായി വിൽപ്പന നടത്തുന്നത്;

(ബി) ഏതൊക്കെ വിഭവങ്ങളാണ് വിൽപ്പന നടത്തുന്നത്;

(സി) ഭക്ഷണ പദാർത്ഥങ്ങൾ പാകം ചെയ്ത് വിൽപന നടത്തുന്നതിനുള്ള ലൈസൻസുകൾ ജയിലുകളിൽ നേടിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) വൃത്തിയുള്ള അന്തരീക്ഷത്തിലാണ് ഭക്ഷണ പദാർത്ഥങ്ങൾ പാകം ചെയ്ത് പായ്ക്ക് ചെയ്യുന്നതെന്ന് ഉറപ്പ് വരുത്താൻ എന്തൊക്കെനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമൊ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>തടവുകാരുടെ തൊഴിൽ നൈപുണ്യം</u>

1986 ശ്രീ. കെ. ശിവദാസൻ നായർ
,, കെ. മുരളീധരൻ
,, എം.എ. വാഹീദ്
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തടവുകാരുടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) അന്തേവാസികൾക്ക് എന്തെല്ലാം തൊഴിൽ സാദ്ധ്യതയ്ക്കുള്ള മാർഗ്ഗങ്ങളാണ് പദ്ധതിയിൽ ഒരുക്കിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 25.03.2013–ലെ മറുപടിക്ക്

<u>പരോളിലിറങ്ങി തിരികെ വരാത്ത തടവുകാർ</u>

1987 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരോളിലിറങ്ങി കാലാവധി കഴിഞ്ഞ് ജയിലുകളിൽ തിരികെ പ്രവേശിക്കാത്ത എത്ര തടവുകാരുണ്ടെന്ന് ജയിൽ തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇവരെ കണ്ടെത്തി ജയിലുകളിൽ തിരികെ പ്രവേശിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 25.03.2013-ലെ മറുപടിക്ക്

<u>വനിതാ ജയിലുകൾ</u>

1988 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര വനിതാ ജയിലുകൾ ഉണ്ടെന്നു വ്യക്തമാക്കുമോ;

(ബി) ഒരോ വനിതാ ജയിലിലും എത്ര തടവുകാർ വീതമാണെന്നു വ്യക്തമാക്കുമോ;

(സി) ശിക്ഷയുടെ കാലാവധി കഴിഞ്ഞിട്ടും മോചനം ലഭിക്കാതെ ജയിലിൽ കഴിയുന്ന എത്ര വനിതാ തടവുകാരുണ്ടെന്നു വ്യക്തമാക്കുമോ;

(ഡി) ശിക്ഷയുടെ കാലാവധി കഴിഞ്ഞും ജയിൽ മോചനം നൽകാതിരിക്കുന്നത് അനീതിയാണെന്നും മനുഷ്യാവകാശ ലംഘനമാണെന്നും കരുതുന്നുണ്ടോയെന്നു വ്യക്തമാക്കുമോ;

(ഇ) എങ്കിൽ ശിക്ഷാ കാലാവധി കഴിഞ്ഞ വനിതാ തടവുകാരെ മോചിപ്പിക്കുവാൻ എന്തു നടപടിയാണു സ്വീകരിച്ചതെന്നു വ്യക്തമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2013 മാർച്ച് 16.

'T' ഇന്നത്തേക്ക് മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

**പ്രത്യേക ശ്രദ്ധയ്ക്ക്:** നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണ്. [ ചട്ടം 47(1)].